# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്



## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ
## ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള
## റെയിൽ കണക്റ്റിവിറ്റി പദ്ധതി

**SIA UNIT**

PLANET KERALA
Participatory Learning and Action Network


പ്ലാനറ്റ് കേരള
റ്റി. സി – 8/1378 (8) ശ്രീബാബ ലൈൻ
വലിയവിള, തിരുമല പി.ഒ.
തിരുവനന്തപുരം – 695006
കേരള, ഇന്ത്യ
# +91-471-2368188 (ഓഫീസ്)
# +91-9447545598 (മൊബൈൽ)
ഇ-മെയിൽ: 2001planet@gmail.com
വെബ്: www.planetkerala.org


കരട് റിപ്പോർട്ട്

**02 സെപ്റ്റംബർ 2024**

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി |
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| റവന്യു വില്ലേജ് | : | വിഴിഞ്ഞം |
| തദ്ദേശ സ്ഥാപനം | : : | തിരുവനന്തപുരം കോർപ്പറേഷൻ |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ആർ) | : | **82.90** |
| ആഘാതബാധിത വീടുകളുടെ എണ്ണം | : | **17** |
| ആഘാതബാധിത കുടുംബങ്ങളുടെ എണ്ണം | : | **38** |
| അർത്ഥനാധികാരി | : | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ്<br>തിരുവനന്തപുരം |
| ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസീൽദാർ (എൽ.എ)<br>അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരം |
| സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് | : | പ്ലാനറ്റ് കേരള<br>തിരുവനന്തപുരം |
| **4(1)** വിജ്ഞാപന നമ്പർ, തിയ്യതി | : | വാല്യം **13** നമ്പർ **1126**<br>തിയ്യതി **25** മാർച്ച് **2024** |
| പഠനം ആരംഭിച്ച തിയ്യതി | : | **12** ഏപ്രിൽ **2024** |
| കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ച തിയ്യതി | : | **02** സെപ്റ്റംബർ **2024** |
| പബ്ലിക് ഹിയറിംഗ് തിയ്യതി | : | **19** സെപ്റ്റംബർ **2024** |
| പഠനം പൂർത്തിയാക്കിയ തിയ്യതി | : | |
| പഠന റിപ്പോർട്ട് സമർപ്പിച്ച തിയ്യതി | : | |

## സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയം (കേന്ദ്രനിയമം 30/2013) 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.

ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 തിയ്യതിയിലെ കെ-6-89903/16 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 തിയ്യതിയിലെ GO(Rt) No. 82/2020/RD നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2024 മാർച്ച് 25 തിയ്യതി അസാധാരണ ഗസറ്റായി വാല്യം 13 നമ്പർ 1126 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതമായ പ്രദേശത്ത് പ്ലാനറ്റ് കേരള നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് അന്തിമ റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗത്ത് പ്രതിപാദിക്കുന്നത്. 2013 ലെ 30 നമ്പർ കേന്ദ്രനിയമവും, 2015 ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച്, വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് 2024 സെപ്റ്റംബർ 02 ന് പ്രസിദ്ധീകരിക്കുകയും, കരട് റിപ്പോർട്ടിൻമേലുള്ള ചർച്ചകൾക്കും, തിരുത്തലുകൾക്കും, കൂട്ടിച്ചേർക്കലുകൾക്കുമായി 2024 സെപ്റ്റംബർ 19 തിയ്യതി പബ്ലിക് ഹിയറിംഗ് നടത്തനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.


പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച തിരുവനന്തപുരം കോർപ്പറേഷൻ അധികാരികൾ, കോട്ടപ്പുറം വാർഡ് കൗണിസിലർ, റവന്യൂ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ഉദ്യോഗസ്ഥർ, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു.

ആന്റണി കുന്നത്ത്
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്
പ്ലാനറ്റ് കേരള, തിരുവനന്തപുരം

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ

## ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി

## രേഖാചിത്രം




| Sr. No. | Node | Easting (X) (m) | Northing (Y) (m) |
|---|---|---|---|
| 1 | A | 719672.8835 | 926525.2652 |
| 2 | B | 719663.9893 | 926562.0926 |
| 3 | C | 719661.6866 | 926579.5584 |
| 4 | D | 719667.0137 | 926598.4805 |
| 5 | E | 719684.8973 | 926650.1559 |
| 6 | F | 719713.8991 | 926639.5967 |
| 7 | G | 719710.8965 | 926624.3472 |
| 8 | H | 719710.4516 | 926603.723 |
| 9 | I | 719708.1169 | 926578.853 |
| 10 | J | 719711.5992 | 926565.7308 |
| 11 | K | 719710.0749 | 926544.7462 |
| 12 | L | 719712.1163 | 926533.0617 |

## ഉള്ളടക്കം


| | | |
|---|---|---|
| **അധ്യായം – 1 ആമുഖം** | | |
| **1.1** | പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും | **1** |
| **1.2** | പദ്ധതി പ്രദേശം | **2** |
| **1.3** | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | **3** |
| **1.4** | ബദൽ സാധ്യതകൾ | **3** |
| **1.5** | സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും | **4** |
| **1.6** | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | **4** |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| **2.1** | പദ്ധതിയുടെ പശ്ചാത്തലം | **9** |
| **2.2** | പദ്ധതിയുടെ അടിസ്ഥാനം | **10** |
| **2.3** | പദ്ധതിയുടെ ബദൽ സാധ്യതകളെ സംബന്ധിച്ച പഠനം | **11** |
| **2.4** | നിർമ്മാണ ഘട്ടങ്ങൾ | **12** |
| **2.5** | നിർമ്മാണത്തിന്റെ സവിശേഷതകൾ | **12** |
| **2.6** | അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത | **12** |
| **2.7** | തൊഴിലാളികളുടെ ആവശ്യകത | **13** |
| **2.8** | മുമ്പ് നടത്തിയ പഠനങ്ങൾ | **13** |
| **2.9** | ഉപയുക്തമായ നയങ്ങളും, നിയമങ്ങളും | **13** |
| **അധ്യായം – 3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും** | | |
| **3.1** | പശ്ചാത്തലം | **15** |
| **3.2** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | **15** |
| **3.3** | ഡെസ്ക് റിസേർച്ച് | **17** |
| **3.4** | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | **18** |
| **3.5** | ദ്വിതീയ വിവര ശേഖരണം | **19** |

| | | |
|---|---|---|
| **3.6** | പദ്ധതി പ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും | **19** |
| **3.7** | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം | **21** |
| **3.8** | സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും | **21** |
| **3.9** | സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും | **21** |
| **3.10** | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | **21** |
| **3.11** | പഠനത്തിന്റെ പരിമിതികൾ | **23** |
| **അധ്യായം – 4 ഭൂനിർണ്ണയം** | | |
| **4.1** | പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | **25** |
| **4.2** | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി | **26** |
| **4.3** | പൊതുസ്ഥലത്തിന്റെ ഉപയോഗം | **27** |
| **അധ്യായം – 5 മൂല്യനിർണ്ണയം** | | |
| **5.1** | പ്രത്യക്ഷമായി ബാധിക്കുന്നത് | **28** |
| **5.2** | ഭൂഉടമസ്ഥാവകാശത്തിന്റെ കാലയളവ് | **28** |
| **5.3** | മുൻ കാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | **28** |
| **5.4** | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | **29** |
| **5.5** | ഉൽപ്പാദനക്ഷമമായ ആസ്തികൾ | **29** |
| **അധ്യായം – 6** സാമൂഹ്യ സാമ്പത്തീക അവസ്ഥ | | |
| **6.1** | ജനസംഖ്യ വിവരങ്ങൾ | **30** |
| **6.2** | ദുർബല വിഭാഗങ്ങൾ | **33** |
| **6.3** | ഭൂവിനിയോഗവും ഉപജീവനവും | **33** |
| **അധ്യായം – 7 സാമൂഹ്യ പ്രത്യാഘാത മാനേജ് മെന്റ് പ്ലാൻ** | | |
| **7.1** | സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം | **34** |
| **7.2** | ആഘാതം ഒഴിവാക്കാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ | **34** |
| **7.3** | പുനരധിവാസം, പുനസ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ | **35** |

| | | |
|---|---|---|
| **7.4** | നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ | **36** |
| **7.5** | സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറക്കുന്നതിന് പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ | **36** |
| **7.6** | ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി | **36** |
| **7.7** | അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും, എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ നടപടികൾ | **38** |
| **7.8** | നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും | **38** |
| **അധ്യായം – 8 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന** | | |
| **8.1** | സ്ഥാപന ഘടനയും ഉദ്യോഗസ്ഥരും | **40** |
| **അധ്യായം – 9 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം – ബജറ്റ്** | | |
| **9.1** | പുനരധിവാസത്തിന്റേയും പുനസ്ഥാപനത്തിന്റേയും ചെലവ് | **42** |
| **9.2** | വാർഷിക ബജറ്റും, കർമ്മ പദ്ധതികളും | **42** |
| **9.3** | സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും | **42** |
| **അധ്യായം – 10 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും** | | |
| **10.1** | സംസ്ഥാനതലം | **43** |
| **10.2** | ജില്ലാതലം | **43** |
| **അധ്യായം – 11 ചെലവുകളേയും പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും** | | |
| **11.1** | അന്തിമ വിശകലനം | **45** |
| **11.2** | ആഘാതബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ | **47** |
| **11.3** | ശുപാർശകൾ | **48** |

## പട്ടികകളുടെ വിവരം


| പട്ടികകൾ | | |
|---|---|---|
| പട്ടിക 2.1 | തദ്ദേശ സ്ഥാപന ജനസംഖ്യ വിവരങ്ങൾ | 9 |
| പട്ടിക 3.1 | പഠന വിലയിരുത്തൽ സംഘം | 18 |
| പട്ടിക 3.2 | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ | 20 |
| പട്ടിക 4.1 | ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | 26 |
| പട്ടിക 5.1 | ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 28 |
| പട്ടിക 5.2 | അവകാശ സ്വഭാവം | 29 |
| പട്ടിക 6.1 | ജനസംഖ്യ വയസ്സ് തിരിച്ച് | 30 |
| പട്ടിക 6.2 | മതവിഭാഗം | 30 |
| പട്ടിക 6.3 | സാമൂഹ്യ വിഭാഗം | 31 |
| പട്ടിക 6.4 | വിവാഹ സ്ഥിതി | 31 |
| പട്ടിക 6.5 | കുടുംബ ഘടന | 31 |
| പട്ടിക 6.6 | വിദ്യാഭ്യാസ നിലവാരം | 32 |
| പട്ടിക 6.7 | പൊതുവിതരണ സംവിധാനം | 32 |
| പട്ടിക 6.8 | കുടുംബത്തിന്റെ പ്രതിമാസ വരുമാനം | 32 |
| പട്ടിക 6.9 | കുടുംബത്തിന്റെ പ്രതിമാസ ചെലവ് | 33 |
| പട്ടിക 7.1 | പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വേ | 39 |
| പട്ടിക 7.2 | പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വേ | 39 |
| പട്ടിക 7.3 | പുനരധിവാസ/ പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം – ഉടമസ്ഥർ | 39 |
| പട്ടിക 11.1 | പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | 46 |

അനുബന്ധം

| | | |
|---|---|---|
| 1 | 4(1) വിജ്ഞാപനം | |
| 2 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണ ചോദ്യാവലി | |
| 3 | ആഘാത ബാധിതരായ ഉടമസ്ഥരുടെ വിവരങ്ങൾ അടങ്ങിയ പട്ടിക | |
| 4 | പബ്ലിക് ഹിയറിംഗ് നോട്ടീസിന്റെ കോപ്പി | |
| 5 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പത്രകുറിപ്പുകൾ | |
| 6 | പബ്ലിക് ഹിയറിംഗ് പ്രോഗ്രാം | |
| 7 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, എസ്.ഐ.എ. പ്രതിനിധികൾ മുതലായവ) | |
| 8 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ഉടമസ്ഥർ, പൊതുജനങ്ങൾ മുതലായവ) | |
| 9 | പബ്ലിക് ഹിയറിംഗ് റിപ്പോർട്ട് | |
| 10 | ഫോട്ടോകൾ | |

## അധ്യായം – 1

### ആമുഖം

### 1.1 പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തിരുവനന്തപുരം, അർത്ഥനാധികാരിയായും, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) അഡീഷണൽ എൽ.എ യൂണിറ്റ്, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 82.90 ആർ ഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുമെന്നാണ് 4(1) വിജ്ഞാപന പ്രകാരം കണക്കാക്കിയിരിക്കുന്നത്.

കോവളം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ 61) വാർഡിൽ ഉൾപ്പെടുന്നതുമായ പ്രദേശത്താണ് നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്. 24-06-2023 തിയ്യതിയിലെ 2132 നമ്പർ 4(1) വിജ്ഞാപന പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട്റീച്ച് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും പഠനം നടത്തുന്നതിനായി സാധിക്കാത്ത സാഹചര്യത്തിലാണ് 2024 മാർച്ച് 25 തിയ്യതിയിലെ 1126 നമ്പർ 4(1) വിജ്ഞാപന പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ തിരുവനന്തപുരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14 ൽ ഉൾപ്പെട്ട 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് 4(1) വിജ്ഞാപന പ്രകാരം കണക്കാക്കിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ പ്രദേശത്തെ ആകെ 19 വീടുകളിലായി താമസിച്ചുവരുന്ന 41 വ്യക്തികളെ/കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ആദ്യ

വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി **2013** ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും **2013** ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടൂക്കൽ പ്രക്രീയയുടെ ഭാഗമായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ **07-02-2017** തിയ്യതിയിലെ കെ-**6-89903/16** നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ **10-03-2020** തിയ്യതിയിലെ ജി.ഒ. (ആർ.റ്റി.) നമ്പർ **982/2020**/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, കേരള നിയമസഭാ സമുച്ചയ ഭാവി വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. **2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളിലും പ്രതിപാദിച്ച രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം **2024** മാർച്ച് മാസം **25** തിയ്യതി അസാധാരണ ഗസറ്റായി വാല്യം **13** ൽ **1126** ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പ്ലാനറ്റ് കേരള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിക്കുകയും ചെയ്തു.

## 1.2 പദ്ധതി പ്രദേശം

തിരുവനന്തപുരം ജില്ലയിൽ കോവളം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ **61**) വാർഡിൽ ഉൾപ്പെടുന്നതുമായ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം റവന്യു വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലെ ഏകദേശം **82.90** ആർ ഭൂമി ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്.

## 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ 14 ൽ ഉൾപ്പെടുന്ന 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് 4(1) വിജ്ഞാപനത്തിൽ കാണിച്ചിരിക്കുന്നത്.

എന്നാൽ നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി വിഴിഞ്ഞം വില്ലേജിലെ 19 വീടുകളിലായി താമസിച്ചുവരുന്ന 41 വ്യക്തികൾ/കുടുംബങ്ങൾ കൈവശം വെച്ചിരിക്കുന്ന ഏകദേശം 82.90 ആർ ഭൂമിയെന്നാണ് ഫീൽഡ്തല പഠനത്തിൽ ലഭ്യമായ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ഇവകൂടി ഉൾപ്പെടുത്തിയാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയത്.

## 1.4 ബദൽ സാധ്യതകൾ

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തിന് സമീപം നിർമ്മാണത്തിലിരിക്കുന്ന ഒരു ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസന പദ്ധതി. അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടുകളുമായുള്ള സാമീപ്യവും വലിയ കണ്ടെയ്നർ കപ്പലുകളെ ഉൾക്കൊള്ളാൻ അനുവദിക്കുന്ന ആഴത്തിലുള്ള പ്രകൃതിദത്ത ഡ്രാഫ്റ്റും ഉള്ളതിനാൽ ഈ പദ്ധതി തന്ത്രപരമായി പ്രധാന്യമർഹിക്കുന്നതാണ്. മറ്റ് ഇന്ത്യൻ തുറമുഖങ്ങളെ അപേക്ഷിച്ച് തുറമുഖത്തിന് ഏകദേശം 18-20 മീറ്റർ സ്വാഭാവിക ഡ്രാഫ്റ്റ് ഉള്ളതിനാൽ വിപുലമായ ഡ്രെഡ്ജിംഗ് കൂടാതെ വലിയ കപ്പലുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള ഇന്ത്യയിലെ ഏറ്റവും ആഴമേറിയ തുറമുഖമെന്ന ഖ്യാതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുണ്ട്.

തിരക്കേറിയ ഈസ്റ്റ്-വെസ്റ്റ് ഷിപ്പിംഗ് റൂട്ടിന് സമീപം സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം തുറമുഖം ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി പ്രവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കൊളംബോ, സിംഗപ്പൂർ, ദുബായ് എന്നിവിടങ്ങളിലെ തുറമുഖങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, സുഗമമായ ചരക്ക്നീക്കത്തിനും, വ്യാപാരം സുഗമമാകുന്നതിനും, തദ്വാര സാമ്പത്തീക അഭിവൃദ്ധിക്കും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും, തുറമുഖ മേഖലയിലെ പ്രാദേശീക വികസനത്തിനും സഹായകരമാവുന്നതുമാണ്.

മേൽപ്പറഞ്ഞ ഗുണഫലങ്ങൾ നിലനിൽക്കവേ പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം, പ്രത്യേകിച്ച് തീരദേശ ശോഷണം, പ്രാദേശിക മത്സ്യബന്ധന സമൂഹങ്ങളുടെ ഉപജീവനം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകളും, എതിർപ്പുകളും പ്രാദേശീക

സമൂഹങ്ങളിൽനിന്നും ഉയർന്നിട്ടുള്ളത് പലപ്പോഴും പദ്ധതി നടത്തിപ്പ് വൈകുന്നതിന് കാരണമായിത്തീർന്നിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ, ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ, പ്രതിഷേധങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ കാരണങ്ങളാൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ടെങ്കിലും, പദ്ധതി പൂർണ്ണതോതിൽ പൂർത്തിയാകുമ്പോൾ, ഇത് ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖങ്ങളിൽ ഒന്നാകുമെന്നും ആഗോള സമുദ്ര വ്യാപാരത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുമെന്നും പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്. **10.76** കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയിൽ **9.5** കിലോമീറ്റർ തുരങ്കപാതയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കുന്ന കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലെ റോഡ് ഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിലാണ് ഭൂഗർഭ റെയിൽപാതയുടെ നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ചരക്കുനീക്കത്തിന് അത്യന്താപേക്ഷിതമായ മാർഗ്ഗമെന്ന നിലയിൽ റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ നടത്തിപ്പും ആയതിനായുള്ള ഭൂമി ഏറ്റെടുക്കലും അനിവാര്യമായതിനാലും, റെയിൽവേ മാനദണ്ഡങ്ങൾ പാലിച്ച് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ രൂപരേഖയനുസരിച്ചും, ബദൽ സാധ്യതകളൊന്നും തന്നെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും, വസ്തുവഹകളേയും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യം നിലവിലുണ്ടെങ്കിലും, നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി **2013** ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ടുനൽകുമെന്ന് പ്രതീക്ഷിക്കുന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നുംതന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സുപ്രധാനമായ സാമൂഹ്യ

പ്രത്യാഘാതങ്ങൾ കണ്ടെത്തി അവയുടെ പ്രാധാന്യം വിലയിരുത്തി ആഘാത ലഘൂകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. ആയതിനാൽ തന്നെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നിർണ്ണയിക്കുകയും അവയുടെ സംഗ്രഹരൂപം ചുവടെ പ്രതിപാദിക്കുകയും ചെയ്യുന്നു.

## 1.6 വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ.<br>◆ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികളുടെ വില നിശ്ചയിച്ച് പൊളിച്ച് നീക്കൽ.<br>◆ കാർഷിക വിളകളുടെ നഷ്ടം.<br>◆ ഏറ്റെടുക്കുന്ന ഭൂമി, നിർമ്മിതികൾ, വസ്തുവഹകൾ എന്നിവയുടെ ഉടമസ്ഥർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നു. |
| 2 | നിർമ്മാണ ഘട്ടം | ◆ പുറമേനിന്നുള്ള തൊഴിലാളികൾ, വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>◆ നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിലും, നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോഴും പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും.<br>◆ തൊഴിലാളികളുടേയും, സഞ്ചാരികളുടേയും, പരിസരത്ത് താമസിക്കുന്നവരുടേയും അപകട സാധ്യതകളും, സുരക്ഷയും<br>◆ നിർമ്മാണ ഘട്ടത്തിൽ ഗതാഗതം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>◆ പാരിസ്ഥിതിക ആഘാതം, പ്രത്യേകിച്ച് തീരദേശ ശോഷണം, പ്രാദേശിക മത്സ്യബന്ധന സമൂഹങ്ങളുടെ ഉപജീവനം എന്നിവയുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ.<br>◆ വൈദ്യുതി കാലുകൾ, കുടിവെള്ള പൈപ്പുകൾ, എന്നിവ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി/സേവന തടസ്സങ്ങൾ |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 3 | പ്രവർത്തന ഘട്ടം | ◆ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുന്നു.<br>◆ മെച്ചപ്പെട്ട രീതിയിൽ ഫലപ്രദമായ ചരക്ക്നീക്കം സുഗമമാക്കാൻ സഹായിക്കുന്നു.<br>◆ സുഗമമായ ചരക്ക്നീക്കത്തിനും, വ്യാപാര, വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാകുന്നതിനും, തദ്വാര സാമ്പത്തീക അഭിവൃദ്ധിക്കും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും, തുറമുഖ മേഖലയിലെ പ്രാദേശീക വികസനത്തിനും സഹായകരമാവുന്നു.<br>◆ ഭൂവില വർദ്ധിക്കുകയും, ഭൗതീക സാഹചര്യങ്ങളും, തൊഴിൽ അവസരങ്ങളും മെച്ചപ്പെടുന്നു. |

## 1.7 സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളും വിശകലനം

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങളെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ചുള്ള നഷ്ടപരിഹാരം. |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | ഓട്, ഷീറ്റ്, കോൺക്രീറ്റ് മേൽക്കൂരകളാൽ നിർമ്മിച്ചിരിക്കുന്ന 11 വീടുകൾ പൂർണ്ണമായും, 2 ഷോപ്പ്, 1 കാർഷെഡ്, 4 അതിർത്തി മതിലുകൾ, 5 ഗേറ്റുകൾ, 7 മാർബിൾ/ ഇന്റർലോക്ക്/ കോൺക്രീറ്റ് ഫ്ലോർ, 7 സെപ്റ്റിക് ടാങ്ക്, 4 ശുചിമുറികൾ, 2 വാട്ടർ പൈപ്പ്/ടാങ്ക് ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ചുള്ള നഷ്ടപരിഹാരം. |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത്. | വ്യത്യസ്ഥ ഇനങ്ങളിലുള്ള 33 മരങ്ങൾ നഷ്ടമാകുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ചുള്ള നഷ്ടപരിഹാരം. |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | 2 ഷോപ്പ് നടത്തിപ്പിനെ ബാധിക്കുന്നു. | 2013 ലെ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | വൈദ്യുതി കാലുകൾ, കുടിവെള്ള പൈപ്പുകൾ, എന്നിവയെ ബാധിക്കുന്നു. | പുനസ്ഥാപനത്തിനുള്ള നടപടികൾ ആവശ്യമായി വരുന്നതാണ്. |
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത്. | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത്. | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം. | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത്. | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

### സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്, നിയമാനുസൃതം ലഭ്യമാകാവുന്ന നഷ്ടപരിഹാരം, പദ്ധതി നടത്തിപ്പിനായി തയ്യാറാക്കിയിരിക്കുന്ന അലൈൻമെന്റ് എന്നിവയെ സംബന്ധിച്ച് ആഘാതബാധിതർക്കുള്ള സംശയങ്ങൾ, ആശങ്കകൾ, പരാതികൾ, എതിർപ്പുകൾ എന്നിവ യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിഹരിക്കേണ്ടത് ആവശ്യമാണ്.

- നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന ഭൂഉടമസ്ഥർക്ക് നിയമാനുസൃതം അർഹമായ നഷ്ടപരിഹാരവും, പുനരധിവാസ, പുനസ്ഥാപന സഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

- നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിക്കുന്ന വീട്, അതിർത്തി മതിൽ, ഗേറ്റ്, മരങ്ങൾ എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിക്കാത്തതിനാലും, നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതിനാലും അഘാതബാധിതർ ആശങ്കയിലാണ്. ആയതിനാൽ അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകി താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ മുതലായ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, തദ്ദേശഭരണ സ്ഥാപനങ്ങളും, സംഘടനകളും പ്രത്യേകമായി ശ്രദ്ധ ചെലുത്തേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങൾ, സഞ്ചാരികൾ, തൊഴിലാളികൾ എന്നിവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതലുകൾ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കൊള്ളേണ്ടതാണ്.

- ✪ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ സഞ്ചാര തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.
- ✪ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള വൈദ്യുതിലൈൻ, അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടിവരുന്നതും, അതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനക്രമീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യുന്ന അവസരത്തിൽ തടസ്സം നേരിടാതെ ആവശ്യസേവനങ്ങൾ ജനങ്ങൾക്ക് ഉറപ്പുവരുത്തേണ്ടതാണ്.

## അധ്യായം – 2

## പദ്ധതി സംബന്ധിച്ച വിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുള്ള തീരദേശ ജില്ലയാണ് തിരുവനന്തപുരം. അറബിക്കടലിന്റെ തീരത്തുനിന്ന് 78 കിലോമീറ്റർ അകലത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണിത്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല 1957 ലാണ് നിലവിൽ വന്നത്. 2011 ലെ സെൻസസ് അനുസരിച്ച് 33,07,284 ആണ് ഇവിടത്തെ ജനസംഖ്യ. കേരള സംസ്ഥാനത്ത് മലപ്പുറം ജില്ല കഴിഞ്ഞാൽ ഏറ്റവുമധികം ജനസംഖ്യയുള്ള ജില്ലയാണ് തിരുവനന്തപുരം. ഭരണ സൗകര്യത്തിനായി ജില്ലയെ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട, നെടുമങ്ങാട്, വർക്കല എന്നിങ്ങനെ ആറ് താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനും, 12 ബ്ലോക്ക് പഞ്ചായത്തുകളും 73 ഗ്രാമപഞ്ചായത്തുകളും 4 നഗരസഭകളുമാണുള്ളത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ 61) ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷന്റെ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ വിവരങ്ങളാണ് താഴെ പ്രതിപാദിച്ചിരിക്കുന്നത്:

**പട്ടിക – 2.1 ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | തദ്ദേശ സ്ഥാപനം | വിസ്തീർണ്ണം (ച.കി.മി.) | വാർഡുകൾ എണ്ണം | വീടുകൾ എണ്ണം | ജനസംഖ്യ (പുരുഷൻ) | ജനസംഖ്യ (സ്ത്രീ) | ജനസംഖ്യ (ആകെ) |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 214.86 | 100 | 191446 | 467739 | 489991 | 957730 |
| | **ആകെ** | **214.86** | **100** | **191446** | **467739** | **489991** | **957730** |

പട്ടിക 2.1 പ്രകാരം 100 തദ്ദേശഭരണ വാർഡുകളിലായി ആകെ 9,57,730 ജനസംഖ്യയാണുള്ളത്.

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തിന് സമീപം വിഴിഞ്ഞം റവന്യൂ വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശത്ത് നിർമ്മാണത്തിലിരിക്കുന്ന ഒരു ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസന പദ്ധതി. അന്താരാഷ്ട്ര

ഷിപ്പിംഗ് റൂട്ടുകളുമായുള്ള സാമീപ്യവും വലിയ കണ്ടെയ്നർ കപ്പലുകളെ ഉൾക്കൊള്ളാൻ അനുവദിക്കുന്ന ആഴത്തിലുള്ള പ്രകൃതിദത്ത ഡ്രാഫ്റ്റും ഉള്ളതിനാൽ ഈ പദ്ധതി ദേശീയതലത്തിൽ തന്ത്രപരമായി പ്രധാന്യമർഹിക്കുന്നതാണ്. തുറമുഖത്തെത്തിച്ചേരുന്ന ചരക്കുകൾ കരമാർഗ്ഗം ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുന്നതിനായാണ് നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിക്കായി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്.

## 2.2 പദ്ധതിയുടെ അടിസ്ഥാനം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി റെയിൽവേ കണക്ടിവിറ്റിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്.

- 1984 ലെ ഭൂമി ഏറ്റെടുക്കൽ നിയമം കേന്ദ്രസർക്കാർ 2013 ൽ പരിഷ്കരിക്കുകയും പകരമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങൾ 2014 ജനുവരി മാസം 1 തിയ്യതിമുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. തുടർന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ച് 2015 സെപ്റ്റംബർ 23 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റേയും, ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിച്ചത്.
- 2013 ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരം, ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തി.
- 2013 ലെ പുതിയ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള

സർക്കാരിന്റെ 2024 മാർച്ച് മാസം 25 തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 13 ൽ 1126 നമ്പർ 4(1) വിജ്ഞാപന പ്രകാരം പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി.

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ആവശ്യമായി വരുന്ന ഏകദേശം 82.90 ആർ സ്ഥലത്താണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.

- തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ വ്യത്യസ്ത സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങൾ കൈവശം വെച്ചിരിക്കുന്ന ഏകദേശം 82.90 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തിരുവനന്തപുരം അർഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരം, ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനും, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് പദ്ധതി നിർവ്വഹണ ചുമതലയും ഏറ്റെടുത്തിരിക്കുന്നു.

- 2015 സെപ്റ്റംബർ 23 തിയ്യതി കേരള സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളുടെ ഭാഗമായി ചട്ടങ്ങൾ രൂപീകരിക്കുകയും, സംസ്ഥാന നയം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി സുതാര്യതയും ന്യായമായ നഷ്ടപരിഹാരവും ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു.

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി നടപ്പിലാക്കുന്നതിലൂടെ താഴെ പറയുന്ന ഗുണങ്ങൾ അനുഭവവേദ്യമാകുന്നതാണ്.

    - ★ അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടുകളുമായുള്ള സാമീപ്യവും വലിയ കണ്ടെയ്നർ കപ്പലുകളെ ഉൾക്കൊള്ളാൻ അനുവദിക്കുന്ന ആഴത്തിലുള്ള പ്രകൃതിദത്ത ഡ്രാഫ്റ്റും ഉള്ളതിനാൽ കപ്പൽ ഗതാഗതവും, ചരക്ക് നീക്കവും സുഗമമാക്കാൻ സാധിക്കുന്നു.

★ വലിയ കപ്പലുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള ഇന്ത്യയിലെ ഏറ്റവും ആഴമേറിയ തുറമുഖമെന്ന ഖ്യാതിയും, കൂടുതൽ കപ്പലുകൾ എത്തിച്ചേരുന്നതിനുള്ള സാഹചര്യം സംജാതമാകുന്നു.

★ സുപ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വളരുന്നതിന് സഹായകരമാകുന്നു.

★ സുഗമമായ ചരക്ക്നീക്കത്തിനും, വ്യാപാരം സുഗമമാകുന്നതിനും, തദ്വാര സാമ്പത്തീക അഭിവൃദ്ധിക്കും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും, തുറമുഖ മേഖലയിലെ പ്രാദേശീക വികസനത്തിനും സഹായകരമാകുന്നു.

## 2.3 പദ്ധതിയുടെ ബദൽ സാധ്യതകളെ സംബന്ധിച്ച പഠനം

കോവളം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ 61) വാർഡിൽ ഉൾപ്പെടുന്നതുമായ പ്രദേശത്താണ് നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്. 10.76 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയിൽ 9.5 കിലോമീറ്റർ തുരങ്കപാതയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കുന്ന കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലെ റോഡ് ഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിലാണ് ഭൂഗർഭ റെയിൽപാതയുടെ നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ചരക്കുനീക്കത്തിന് അത്യന്താപേക്ഷിതമായ മാർഗ്ഗമെന്ന നിലയിൽ റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ നടത്തിപ്പും ആയതിനായുള്ള ഭൂമി ഏറ്റെടുക്കലും അനിവാര്യമായതിനാലും, റെയിൽവേ മാനദണ്ഡങ്ങൾ പാലിച്ച് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ രൂപരേഖയനുസരിച്ചും, ബദൽ സാധ്യതകളൊന്നും തന്നെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിന് അത്യന്താപേക്ഷിതമായ റെയിൽ കണക്ടിവിറ്റി പദ്ധതി താമസംവിന നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രാദേശീകമായ എതിർപ്പുകളും, തടസ്സവാദങ്ങളും പദ്ധതിയുടെ നടത്തിപ്പിനായി ഭൂമി ഏറ്റെടുക്കുന്നതിന് വിഘാതമായി നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇവ പരിഹരിക്കുന്നതിന് സർക്കാർ തലത്തിലുള്ള അടിയന്തിര ഇടപെടലുകൾ ആവശ്യമായി വരുമെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും, പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യം നിലവിലുണ്ടെങ്കിലും, നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി

2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ടുനൽകുമെന്ന് പ്രതീക്ഷിക്കുന്നതിനാലും ബദൽ സാധ്യതകൾ യാതൊന്നുംതന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

## 2.4 നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കുന്ന മുറക്ക് ഏറ്റെടുത്ത ഭൂമി അർത്ഥനാധികാരിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറുകയും, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന് വികസന പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തികൾക്കായി ഏകദേശം 82.90 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. തുറമുഖത്തെത്തിച്ചേരുന്ന കാർഗോ കരമാർഗ്ഗം നീക്കം ചെയ്യുന്നതിനായി നിർദ്ദിഷ്ട പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ സാധിക്കുന്നതാണ്. ഇതിനാവശ്യമായ ഡിസൈൻ, പ്ലാൻ എന്നിവ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന് സാധിക്കുന്നതാണ്.

## 2.6 അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനം ലക്ഷ്യമാക്കിയാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഭാവി വികസനത്തിനാവശ്യമായ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്നതിനാൽ അനുബന്ധ ഭൗതീക സൗകര്യങ്ങളൊന്നും നിർമ്മിക്കേണ്ടതായി വരുന്നില്ല.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈദഗ്ദ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും, നിശ്ചിതസമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. വികസന പ്രവർത്തികൾ നടത്തുന്നതിനായി അത്യാധുനീകമായ ഉപകരണങ്ങളും,

വൈദഗ്ദ്യമുള്ള എൻജിനീയർമാരും അത്യന്താപേക്ഷിതമാണ്. ആയതിനാൽ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞാൽ താമസംവിനാ പദ്ധതി പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തദ്ദേശീയർക്കും, പുറമേനിന്നുള്ളവർക്കും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.8 മുമ്പ് നടത്തിയ പഠനങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടിവരുന്ന 82.90 ആർ ഭൂമി ഉൾപ്പെടുന്ന പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ ഒന്നുംതന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനമാണ് ഇത്തരത്തിൽ ആദ്യത്തേത്.

## 2.9 ഉപയുക്തമായ നയങ്ങളും, നിയമങ്ങളും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും, ചട്ടങ്ങളും ബാധകമാകുന്നതാണ്:

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം.
- കേരള സംസ്ഥാന സർക്കാർ 2015 ൽ പ്രാബല്യത്തിലാക്കിയ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരമോ, പുനരധിവാസ-പുനസ്ഥാപന ആനുകൂല്യങ്ങളോ നൽകാനുള്ള 23-09-2015 തിയ്യതിയിലെ ജി.ഒ. (എം.എസ്) നമ്പർ 485/2015/ആർ.ഡി. അനുസരിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നയരേഖ.
- 29-12-2017 തിയ്യതിയിലെ ജി.ഒ. (എം.എസ്) നമ്പർ 448/2017/ആർ.ഡി. ഉത്തരവ് പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ പുനരധിവാസ-പുനസ്ഥാപന പാക്കേജ്.
- 2005 ലെ വിവരാവകാശ നിയമം.
- വൈകല്യമുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016 ലെ ആക്ട്.

**വിവരാവകാശ നിയമം 2005**

പൗരൻമാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രീയ കൂടുതൽ ശക്തവും, ജനകേന്ദ്രീകൃതവും ആക്കുന്നതിനുവേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരൻമാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

**വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016**

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തീകമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരുവശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകതയാണ്.

## അധ്യായം – 3

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും

### 3.1 പശ്ചാത്തലം

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 തിയ്യതിയിലെ കെ-6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, തുടർന്ന് റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 തിയ്യതിയിലെ ജി.ഒ. (ആർ.റ്റി) നമ്പർ 982/2020/ആർ.ഡി നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി പ്ലാനറ്റ് കേരളയെ അംഗീകരിക്കുകയും, 2024 മാർച്ച് മാസം 25 തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 13 ൽ 1126 നമ്പർ വിജ്ഞാപന പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടിവരുന്ന 82.90 ആർ ഭൂമി ഉൾപ്പെടുന്ന പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു-സ്വകാര്യ സ്വത്ത് വകകൾ, ഉപജീവനം എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി സമുചിത സർക്കാരിൽ സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠന പ്രക്രീയ നടത്തുന്നത്. ഈ പഠന പ്രക്രീയയുടെ ഭാഗമായി പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ലഭ്യമായ പരമാവധി വിവരങ്ങൾ ശേഖരിച്ചാണ് പഠന പ്രക്രീയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംഭിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും

ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കേണ്ടിവരികയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തീകവുമായ സുസ്ഥിരതക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ

കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിലോ കൂടുതൽ മെച്ചപ്പെട്ട തരത്തിലോ ആഘാതബാധിതരായ ജനങ്ങളുടെ ജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

(i) പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശസ്ഥാപന പ്രതിനിധികൾ, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയവിനിമയവും.

(iii) **2013** ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ച് മനസ്സിലാക്കുക.

(iv) ഉത്തരവാദിത്വങ്ങൾ പങ്കുവെക്കലും ഏറ്റെടുക്കലും.

മാതൃക **3.1** സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി അവലംബിച്ച സമീപനങ്ങളും, രീതിശാസ്ത്രങ്ങളും, നടപടിക്രമങ്ങളുമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

- ❖ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം
- ❖ അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ
- ❖ പദ്ധതിപ്രദേശ സന്ദർശനവും, ജനപ്രതിനിധികളും, പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും, ആശയവിനിമയവും
- ❖ ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, വസ്തുവഹകളുടേയും കണക്കെടുപ്പും, വിവരശേഖരണവും
- ❖ സാമൂഹ്യ-സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ വിശകലനം
- ❖ പദ്ധതിപ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും.
- ❖ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.
- ❖ പബ്ലിക് ഹിയറിംഗ്
- ❖ അന്തിമ റിപ്പോർട്ട് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കൽ

**മാതൃക 3.1 സാമൂഹ്യ പ്രത്യാഘാത പഠന സമീപനങ്ങളും രീതിശാസ്ത്രങ്ങളും**

| | | |
|---|---|---|
| ഘട്ടം – I<br>പഠന മുന്നൊരുക്കങ്ങൾ | **അവലോകനം-പഠനം-ചർച്ചകൾ**<br>• റവന്യ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച<br>• സംയുക്ത സ്ഥലപരിശോധന<br>• ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ പഠനം<br>• അനുബന്ധ നിയമങ്ങളുടെ പഠനം<br>• അനുബന്ധ രേഖകൾ കണ്ടെത്തൽ, പഠനം<br>• വാർഡ് കൗൺസിലർമാരുമായി ചർച്ച | **ഫീൽഡ്തല പ്രവർത്തനങ്ങൾ**<br>• ദ്വിതീയവിവര ശേഖരണം-വില്ലേജ് ഓഫീസ്<br>• ചോദ്യാവലി തയ്യാറാക്കൽ<br>• വിവരശേഖരണത്തിനുള്ള സംഘാങ്ങളെ നിജപ്പെടുത്തൽ<br>• സംഘാങ്ങൾക്കുള്ള പരിശീലനം |
| ഘട്ടം – II<br>സാമൂഹ്യ പ്രത്യാഘാത പഠനം | **ഫീൽഡ്തല സ്ഥിതിവിവര ശേഖരണം**<br>• ആഘാതബാധിതരുടെ സ്ഥിതിവിവര ശേഖരണം<br>• സാമൂഹ്യ-സാമ്പത്തീക വിവര ശേഖരണം<br>• നേരിട്ടുള്ള അഭിമുഖം<br>• പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ | **നടത്തിപ്പ് ക്രമീകരണങ്ങൾ**<br>• നിയമ-ചട്ട-മാർഗ്ഗനിർദ്ദേശങ്ങളുടെ അവലോകനം<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള പുനരധിവാസ കർമ്മപദ്ധതി തയ്യാറാക്കൽ ചർച്ചകൾ<br>• ഉള്ളടക്ക വിശകലനം<br>• ഫീൽഡ് പ്രവർത്തന ആസൂത്രണം, സ്ഥിതിവിവര ശേഖരണം, വിശകലനം<br>• സാമൂഹ്യ പ്രത്യാഘാത കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| ഘട്ടം – III<br>പഠനാനന്തരം | **വിവര വിശകലനവും റിപ്പോർട്ടും**<br>• സ്ഥിതിവിവര ക്രോഡീകരണം-വിശകലനം<br>• പട്ടിക തയ്യാറാക്കൽ<br>• പഠന റിപ്പോർട്ടിന്റെ അന്തിമരൂപരേഖ തയ്യാറാക്കൽ<br>• സ്ഥിതിവിവര ഫല വിശകലനം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• കരട് റിപ്പോർട്ട് സമർപ്പണവും പ്രസിദ്ധീകരണവും | **പഠന റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ**<br>• കരട് പഠന റിപ്പോർട്ട് അവതരണം<br>• പ്രാദേശിക ഗവൺമെന്റ് പ്രതിനിധികളുമായുള്ള ചർച്ചകൾ<br>• ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ<br>• പബ്ലിക് ഹിയറിംഗ് സംഘാടനം<br>• അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കൽ, പരിഗണിക്കൽ<br>• അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ |

## 3.3 ഡെസ്ക് റിസേർച്ച്

ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ പഠന സംഘം പരിശോധിച്ച് വിശകലനം ചെയ്യുകയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനവുമായി ബന്ധപ്പെട്ടുള്ള ഇതര പഠന റിപ്പോർട്ടുകൾ പരാമർശിക്കുകയും പഠന വിഷയമാക്കുകയും ചെയ്തു.

### 3.4 സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം

പ്ലാനറ്റ് കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും, സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റിന്റെ ചെയർമാനുമായ ശ്രീ. ആന്റണി കുന്നത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘമാണ് നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച പഠനം നടത്തിയത്. സാമൂഹ്യ-വികസന രംഗങ്ങളിൽ പ്രവർത്തി പരിചയമുള്ളവരും, സാമൂഹ്യ-സാമ്പത്തീക സ്ഥിതിവിവര ശേഖരണത്തിൽ പ്രാവീണ്യമുള്ളവരുമായ ഏഴ് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനസംഘമാണ് പ്രാദേശീക തലത്തിൽ ഭൂഉടമസ്ഥരിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചത്. ലഭ്യമായ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും വൈദഗ്ദ്യമുള്ളവരുടെ സേവനങ്ങളും ഈ പഠനത്തിനായി വിനിയോഗിച്ചു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൃത്യമായി ലഭിച്ചതിനാൽ പഠന പ്രക്രീയ തടസ്സമില്ലാതെ പൂർത്തീകരിക്കാൻ സാധിച്ചു. പഠന സംഘത്തിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്:

| പട്ടിക 3.1 പഠന വിലയിരുത്തൽ സംഘം | | | |
|---|---|---|---|
| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
| 1 | ആന്റണി കുന്നത്ത് | രാഷ്ട്രമീമാംസയിലും സാമൂഹ്യ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം, കമ്യൂണിറ്റി ഡവലപ്മെന്റിൽ അന്താരാഷ്ട്ര ഡിപ്ലോമ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാൻ. | വികസന രംഗത്ത് 28 വർഷത്തെ പരിചയം |
| 2 | ജയകുമാർ എൽ | സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദം<br>പഠന സംഘം ലീഡർ | വികസന രംഗത്ത് 27 വർഷത്തെ പരിചയം |
| 3 | രാധു. ആർ. ബി | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |

| പട്ടിക 3.1 പഠന വിലയിരുത്തൽ സംഘം | | | |
|---|---|---|---|
| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
| 4 | ആനി എസ് വിമൽ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |
| 5 | മനു എ കുമാർ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |
| 6 | പ്രിയങ്ക എൻ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 7 | ശ്രീദേവി ജെ. എസ് | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |

### 3.5 ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രദേശിക തലത്തിൽ ആഘാതബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രഥമവിവരങ്ങളുമായി ഒത്തുനോക്കുകയും, പരസ്പര പൂരകങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തീക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.6 പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തുന്നതിന് മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പ്രാരംഭമായി സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽനിന്നായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടേയും, ആവശ്യകതയുടേയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ

വരുത്തി പൂർണ്ണതോതിലുള്ള സ്ഥിതിവിവരശേഖരണം നടത്തുകയും ചെയ്തു. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനങ്ങളാണ് പട്ടിക 3.2 ൽ വിവരിച്ചിരിക്കുന്നത്:

| പട്ടിക 3.2 | | |
|---|---|---|
| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
| 1 | 26-03-2024 | 4(1) വിജ്ഞാപനവും അറിയിപ്പും ജില്ലാ കളക്ടർ ഓഫീസിൽ നിന്നും ലഭിച്ചു. |
| 2 | 16-04-2024 | ഡെപ്യൂട്ടി കളക്ടർ (എൽ.എ), സ്പെഷ്യൽ തഹസീൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരം ഓഫീസ് സന്ദർശനം, ചർച്ച |
| 3 | 24-04-2024 | ഡെപ്യൂട്ടി കളക്ടർ (എൽ.എ) ഓഫീസ്, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, എന്നിവരിൽനിന്നും ആവശ്യമായ രേഖകളുടെ ശേഖരണം. |
| 4 | 30-04-2024 | ദ്വിതീയ വിവര ശേഖരണം |
| 5 | 10-05-2024 | വിഴിഞ്ഞം വില്ലേജ് ഓഫീസ് സന്ദർശനം, കോട്ടപ്പുറം വാർഡ് കൗൺസിലർ ചർച്ച |
| 6 | 15-05-2024 | വി.ഐ.എസ്.എൽ ഓഫീസ് സന്ദർശനം, എൻജിനീയർ, ജൂനിയർ സൂപ്രണ്ട് എന്നിവരുമയുള്ള ചർച്ചകൾ, ജില്ലാ കളക്ടറുമായുള്ള കൂടികാഴ്ചയിൽ പ്ലാനറ്റ് കേരളക്ക് പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ അറിവ് നൽകുന്നതിനായി വി.ഐ.എസ്.എൽ പ്രതിനിധികൾ, എൽ.എ. തഹസീൽദാർ, കൊങ്കൺ റെയിൽവേ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി 18-05-2024 ന് യോഗം നടത്താൻ നിർദ്ദേശിച്ചു. |
| 7 | 15-05-2024 | ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ വി.ഐ.എസ്.എൽ പ്രതിനിധികൾ, എൽ.എ. തഹസീൽദാർ, കൊങ്കൺ റെയിൽവേ പ്രതിനിധികൾ, പ്ലാനറ്റ് കേരള പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് പദ്ധതിയുടെ സാങ്കേതിക വശങ്ങൾ ചർച്ചചെയ്തു. തുടർന്ന് വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ പ്രദേശവാസികൾക്കായി യോഗം സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു. |
| 8 | 29-05-2024 | ഫീൽഡ് സന്ദർശനം, പദ്ധതി പ്രദേശത്തെ ജനങ്ങളുമായുള്ള കൂടിക്കാഴ്ചയും ചർച്ചകളും |

| പട്ടിക 3.2 | | |
|---|---|---|
| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
| **9** | **22-06-2024** | വി.ഐ.എസ്.എൽ പ്രതിനിധികൾ, എൽ.എ. തഹസീൽദാർ, കൊങ്കൺ റെയിൽവേ പ്രതിനിധികൾ, പ്ലാനറ്റ് കേരള പ്രതിനിധികൾ എന്നിവർ വി.ഐ.എസ്.എൽ ഓഫീസിൽ യോഗം ചേർന്ന് പഠന പുരോഗതി അവലോകനം ചെയ്യുകയും, **26-06-2024** ന് വാർഡ് കൗൺസിലർ ഉൾപ്പെടെയുള്ളവരുടെ യോഗം ചേരാൻ നിശ്ചയിക്കുകയും, അറിയിപ്പ് നൽകുകയും ചെയ്തു. |
| **10** | **26-06-2024** | മുൻനിശ്ചയിച്ച പ്രകാരം വി.ഐ.എസ്.എൽ പ്രതിനിധികൾ, എൽ.എ. തഹസീൽദാർ, കൊങ്കൺ റെയിൽവേ പ്രതിനിധികൾ, പ്ലാനറ്റ് കേരള പ്രതിനിധികൾ എന്നിവർ വി.ഐ.എസ്.എൽ ഓഫീസിൽ എത്തിച്ചേരുകയും, എന്നാൽ വാർഡ് കൗൺസിലർ പ്രദേശത്ത് ആത്മഹത്യ നടന്നതിനാൽ ഇൻക്വസ്റ്റിന് പോകുന്നതിനാൽ വരാൻ സാധിക്കില്ലെന്ന് ഫോണിൽ അറിയിക്കുകയും, മറ്റുള്ളവർ കനത്ത മഴ കാരണം എത്തിച്ചേരാൻ സാധിക്കില്ലെന്ന് അറിയിച്ചതിനാൽ യോഗം **28-06-2024** ന് മാറ്റിവെക്കുകയും, വി.ഐ.എസ്.എൽ ഓഫീസിൽ എത്തിച്ചേരുന്നതിനുള്ള വാഹന സൗകര്യം ഏർപ്പെടുത്തി നൽകാമെന്നും കാണിച്ച് അറിയിപ്പ് രേഖാമൂലം കൗൺസിലർ ഓഫീസിൽ നൽകി. |
| **11** | **28-06-2024** | വാർഡ് കൗൺസിലർ ശ്രീ. പനിയടിമ, പ്രദേശവാസികളായ ശ്രീ. ജലീൽ, ശ്രീ. അരുൺകുമാർ, ശ്രീ. ബേസിൽ എന്നിവരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടെ 12 പേർ യോഗത്തിൽ പങ്കെടുക്കുകയും, പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ ദൃശ്യ-ശ്രാവ്യ ഉപാധികളുടെ സഹായത്തോടെ അവതരിപ്പിച്ച് വ്യക്തത വരുത്തുകയും ചെയ്തു. ആഘാതബാധിതരെ ഉൾപ്പെടുത്തി **03-07-2024** ന് പദ്ധതി പ്രദേശത്ത് പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ യോഗം സംഘടിപ്പിക്കുന്നതിന് കൗൺസിലറെ ചുമതലപ്പെടുത്തി. |
| **12** | **03-07-2024** | മുൻനിശ്ചയിച്ച പ്രകാരം പ്ലാനറ്റ് കേരളയുടെ ഉദ്യോഗസ്ഥർ പദ്ധതി പ്രദേശത്ത് എത്തിച്ചേർന്നെങ്കിലും, കൗൺസിലർ യോഗം സംഘടിപ്പിച്ചില്ലെന്ന് അറിയാൻ സാധിച്ചു. കൗൺസിലറുടെ ഭാഗത്ത്നിന്ന് യാതൊരു സഹായവും ഇക്കാര്യത്തിൽ ലഭ്യമായില്ല. |

| പട്ടിക 3.2 | | |
|---|---|---|
| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
| **13** | **08-07-2024** | വാർഡ് കൗൺസിലർ ഓഫീൽ പോയി കൗൺസിലറുമായി സംസാരിച്ചപ്പോൾ **11-07-2024** ന് ആദ്യ കപ്പൽ സാൻ ഫെർണാഡോ വിഴിഞ്ഞം തുറമുഖത്ത് എത്തിച്ചേരുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും, കേന്ദ്ര മന്ത്രിമാരും പങ്കെടുക്കുന്ന ചടങ്ങ് **12-07-2024** ന് നടക്കുന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ പ്രക്ഷോപം നടത്തിയാൽ ചടങ്ങിനെ ബാധിക്കുമെന്ന ആശങ്ക കൗൺസിലർ അറിയിച്ച സാഹചര്യത്തിൽ **12-07-2024** ന് ശേഷം അടുത്ത യോഗം നടത്താമെന്ന് കൗൺസിലർ അറിയിച്ചു. തുടർന്ന് ഫോണിൽ ബന്ധപ്പെട്ടപ്പോൾ **21-07-2024** ന് യോഗം നടത്തുന്നതിനായി എത്തിച്ചേരാൻ കൗൺസിലർ അറിയിച്ചു. |
| **14** | **21-07-2024** | വാർഡ് കൗൺസിലർ അറിയിച്ചതനുസരിച്ച് പ്ലാനറ്റ് കേരള ഉദ്യോഗസ്ഥർ പദ്ധതി പ്രദേശത്ത് എത്തി വാർഡ് കൗൺസിലറെ ഫോണിൽ ബന്ധപ്പെട്ടെങ്കിലും ഫോൺ എടുക്കാത്ത സാഹചര്യത്തിൽ ലഭ്യമായ അലൈൻമെന്റ് ഫയൽ ഉപയോഗിച്ച് ആഘാത ബാധിതരായ കുടുംബങ്ങളെ കണ്ടുപിടിക്കുകയും, അവരുടെ ആശങ്കകൾക്ക് നിവാരണം നടത്തുകയും ചെയ്തു. വിവരശേഖരണം തുടരവെ സേസുമേര പേനീസ് എന്ന സ്ത്രീ വിവരശേഖരണം നടത്തരുതെന്നും, പഠന സംഘാംങ്ങൾ പള്ളിമേടയിലേക്ക് പോയി ഫാദർ നിക്കോളാസിനെ പഠന സംബന്ധമായ വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. എന്നാൽ പഠന സംഘാംങ്ങൾ പദ്ധതി പ്രദേശത്ത് വരരുതെന്നും, സർക്കാർ ഇതുവരെ നൽകിയ വാഗ്ദാനങ്ങൾ പാലിച്ചതിനുശേഷം പഠനം നടത്തിയാൽ മതിയെന്നും പള്ളി വികാരി അറിയിച്ചു. പദ്ധതിയെക്കുറിച്ചുള്ള എതിർപ്പ് അവർ നേരിട്ട് മന്ത്രിയെ അറിയിച്ചുകൊള്ളാമെന്നും, പദ്ധതിയോടുള്ള എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. |
| **15** | **24-07-2024** | **21-07-2024** ലെ സംഭവവികാസങ്ങളും, തൽസ്ഥിതിയും അറിയിക്കുന്നതിനായി കളക്ടറേറ്റിൽ പോയി |
| **16** | **26-07-2024** | സബ് കളക്ടർ, എൽ.എ. തഹസീൽദാർ, എന്നിവരെ നേരിൽകണ്ട് തൽസ്ഥിതി ബോധ്യപ്പെടുത്തുകയും, **30-07-2024** ന് കളക്ടറേറ്റിൽ വെച്ച് വാർഡ് കൗൺസിലർ, പള്ളി വികാരി എന്നിവരെ പങ്കെടുപ്പിച്ച് യോഗം നടത്താൻ തീരുമാനിച്ചു. |

| പട്ടിക 3.2 | | |
|---|---|---|
| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
| 17 | 30-07-2024 | സബ് കളക്ടറുടെ സാന്നിധ്യത്തിൽ വി.ഐ.എസ്.എൽ പ്രതിനിധികൾ, എൽ.എ. തഹസീൽദാർ, കൊങ്കൺ റെയിൽവേ പ്രതിനിധികൾ, പ്ലാനറ്റ് കേരള പ്രതിനിധികൾ എന്നിവർ സമ്മേളിച്ചെങ്കിലും, പള്ളി വികാരി വരുന്നതിനുള്ള അസൗകര്യം അറിയിക്കുകയും, വാർഡ് കൗൺസിലർ അറിയിപ്പൊന്നും നൽകിയതുമില്ല. പള്ളി വികാരിയോട് നേരിട്ട് സംസാരിക്കാമെന്ന് സബ് കളക്ടർ അറിയിച്ചു. |
| 18 | 01-08-2024 | പള്ളി വികാരി ഫോണിൽ ബന്ധപ്പെട്ട് ഒരു യോഗം നടത്താൻ ആവശ്യപ്പെടുകയും, 03-08-2024 ന് 11 മണിക്ക് പള്ളിമേടയിൽ എത്തിച്ചേരണമെന്നും അഭ്യർത്ഥിച്ചു. |
| 19 | 03-08-2024 | 03-08-2024 ന് 11 മണിക്ക് പ്ലാനറ്റ് കേരള ഉദ്യോഗസ്ഥർ പള്ളിമേടയിൽ എത്തിച്ചേർന്നെങ്കിലും വികാരി സ്ഥലത്ത് ഇല്ലാത്തതിനാൽ കാണാൻ സാധിക്കാതെ തിരിച്ചുപോന്നു. |
| 20 | 05-08-2024 | പദ്ധതി പ്രദേശത്തെ കാണാൻ സാധിക്കാത്ത ആഘാത ബാധിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി വിഴിഞ്ഞം വില്ലേജ് ഓഫീസിലെ രേഖകൾ പരിശോധിച്ചെങ്കിലും ആവശ്യമായ വിവരങ്ങൾ ലഭിക്കാത്തതിനാൽ നെയ്യാറ്റിൻകര താലൂക്ക് ഒഫീസിൽ ഭൂരേഖ തഹസീൽദാരിനെ കാണുകയും, അവരുടെ നിർദ്ദേശ പ്രകാരം എൽ.ആർ.എം. ഓഫീസിൽ രേഖകൾ പരിശോധിക്കുകയും ചെയ്തു. |
| 21 | 06-08-2024 | വഴുതക്കാട് സർവ്വേ & ലാന്റ് റിക്കാർഡ് ഡയറക്ടറേറ്റിൽ നിന്നും 1000 രൂപ ഫീസ് അടച്ച് 257, 260 എന്നീ സർവ്വേ നമ്പറുകളിലുള്ള എഫ്.എം.ബി. വാങ്ങി പരിശോധിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ലഭ്യമായില്ല. |
| 22 | 21-08-2024 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ, സബ് കളക്ടർ, ഡെപ്യൂട്ടി കളക്ടർ എന്നിവരുമായുള്ള കൂടികാഴ്ച |
| 23 | 29-08-2024 | പബ്ലിക് ഹിയറിംഗ് ക്രമീകരണങ്ങൾക്കായി വിഴിഞ്ഞം പള്ളി അധികാരികളുമായി ബന്ധപ്പെട്ടു. വിവരശേഖരണത്തിനായി ആഘാതബാധിതർക്ക് അയച്ച കത്തുകളിൽ പലതും മടങ്ങിയെത്തി. |

| പട്ടിക 3.2 | | |
|---|---|---|
| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
| **24** | **30-08-2024** | പബ്ലിക് ഹിയറിംഗ് ക്രമീകരണങ്ങൾക്കായി ഹാൾ ലഭിക്കുന്നതിനായി വിഴിഞ്ഞം പള്ളി അധികാരികൾക്ക് കത്ത് നൽകിയെങ്കിലും ഹാൾ അനുവദിക്കാൻ സാധിക്കില്ല എന്ന് അറിയിച്ചു. തുടർന്ന് പ്രദേശത്ത് ലഭ്യമാകാവുന്ന സോണൽ ഓഫീസ് കെട്ടിടം ലഭിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലും, സോണൽ ഓഫീസിലും കത്ത് നൽകി അനുവാദം വാങ്ങിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗ് വിവരങ്ങൾ വി.ഐ.എസ്.എൽ. അധികാരികളെ നേരിട്ട് കണ്ട് അറിയിച്ചു. |
| **25** | **31-08-2024** | പബ്ലിക് ഹിയറിംഗ് വിവരങ്ങൾ അറിയിക്കാൻ കോർപ്പറേഷൻ ഓഫീസിൽ പോയി സെക്രട്ടറിയുമായി ചർച്ച നടത്തുകയും, കളക്ടറേറ്റിൽ വിവരങ്ങൾ അറിയിക്കുകയും ചെയ്തു. |
| **26** | **02-09-2024** | കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റിനെ നേരിൽ കണ്ട് പബ്ലിക് ഹിയറിംഗ് വിവരങ്ങൾ അറിയിച്ചു. സ്ഥലത്തില്ലാത്തതിനാൽ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കാനുള്ള അസൗകര്യം അറിയിച്ചു. തുടർന്ന് ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ), വാർഡ് കൗൺസിലർ, മേയർ, .ഐ.എസ്.എൽ. കൊങ്കൺ റയിൽവേ ഓഫീസ് എന്നിവിടങ്ങളിൽ പബ്ലിക് ഹിയറിംഗ് നോട്ടീസ് നൽകി. |
| **27** | **02-09-2024** | കരട് റിപ്പോർട്ട് പ്രസിദ്ധീകരണം |
| **28** | **19-09-2024** | പബ്ലിക് ഹിയറിംഗ്: രാവിലെ **11** മണിക്ക് |
| **29** | **20-09-2024** | അന്തിമ റിപ്പോർട്ട് തയ്യാറാക്കൽ. |
| **30** | **24-09-2024** | അന്തിമ റിപ്പോർട്ട് സമർപ്പണം. |

പദ്ധതി പ്രദേശവും, ആഘാതബാധിതരായ വ്യക്തികളേയും, കുടുംബങ്ങളേയും കണ്ടെത്തുന്നതിനായി നടത്തിയ പ്രയത്നത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ **2024** ആഗസ്റ്റ് മാസത്തിൽ ക്രോഡീകരിക്കുകയും, **2024** സെപ്റ്റംബർ **02** ന് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് **2013** ലെ ആക്ടിലും, ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് **2024** സെപ്റ്റംബർ മാസം **19** തിയ്യതി വ്യാഴാഴ്ച രാവിലെ **11** മണിക്ക്

തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം സോണൽ ഓഫീസിൽ വെച്ച് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്താൻ തീരുമാനിച്ചു.

### 3.7 സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം

പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നടത്തുന്നതിനായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, സ്ഥാപനങ്ങളുടേയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള വിവരങ്ങളിൽ ലഭ്യമായവ ശേഖരിക്കുകയും പ്രാദേശീക തലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിക്കുകയും ചെയ്തു. (ചോദ്യാവലി അനുബന്ധം 02 ഉള്ളടക്കം ചെയ്തിരിക്കുന്നു) വിവരശേഖരണത്തിനായി പദ്ധതി പ്രദേശത്തെ വ്യക്തികളെ കണ്ട് വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ മനസ്സിലാക്കുകയും, രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിന് മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി നികുതിശീട്ട്, റേഷൻകാർഡ് എന്നിങ്ങനെയുള്ള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

### 3.8 സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും, വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങളിൽ ലഭ്യമായവ സമയാസമയങ്ങളിൽ ശേഖരിച്ച് സ്ഥിതിവിവരങ്ങൾ പരിഷ്കരിക്കുകയും ചെയ്തു.

### 3.9 സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

### 3.10 പൊതുസമൂഹവുമായുള്ള പര്യാലോചന/ പബ്ലിക് ഹിയറിംഗ്

നിർദ്ദിഷ്ട വികസന പദ്ധതിയെക്കുറിച്ചും, ആയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചും തദ്ദേശഭരണ പ്രതിനിധികളും, ആഘാതബാധിതരും, പൊതുസമൂഹവുമായും

പര്യാലോചനകൾ നടത്തുന്നതിനായി അഭിമുഖങ്ങളും, ചർച്ചകളും നടത്തുകയും ജനാഭിപ്രായവും, ആഘാതബാധിതരുടെ ആവശ്യങ്ങളും, പ്രതീക്ഷിക്കുന്ന നഷ്ടപരിഹാരവും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ കാഴ്ചപ്പാടുകളും, ആവശ്യങ്ങളും, സാമൂഹ്യ പ്രത്യാഘാതത്തിന്റെ തോത് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് 2024 സെപ്റ്റംബർ മാസം 19 തിയ്യതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം സോണൽ ഓഫീസിൽ വെച്ച് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്താൻ തീരുമാനിച്ചു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളാണ് അവലംബിച്ചത്:

1) അനൗപചാരിക വ്യക്തിഗത കൂടിയാലോചനകൾ
2) കേന്ദ്രീകൃത സംഘ ചർച്ചകൾ
3) വ്യക്തി കേന്ദ്രീകൃത ചർച്ചകൾ
4) പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖങ്ങളും, ചർച്ചകളും
5) പബ്ലിക് ഹിയറിംഗ്

### 3.11 പഠനത്തിന്റെ പരിമിതികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നീതിപൂർവ്വമായ അവകാശങ്ങൾ ഉറപ്പാക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പ്രശ്നങ്ങൾ/പരിമിതികൾ താഴെ പറയുന്നവയാണ്.

1) നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അർത്ഥന നടത്തിയിരുന്നെങ്കിലും ആഘാതബാധിതർ, പ്രദേശവാസികൾ, സാമുദായിക നേതാക്കൾ എന്നിവരുടെ നിസ്സഹരണം, എതിർപ്പ് മുതലായ കാരണങ്ങളാൽ ഭൂമി ഏറ്റെടുപ്പ് നടപടികൾ ദീർഘിച്ച് പോയ അവസ്ഥയാണ് നിലവിലുള്ളത്.
2) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ഭൂഉടമസ്ഥർക്ക് അറിവുണ്ടായിരുന്നില്ല.

ആയതിനാൽതന്നെ പഠനമെങ്ങനെ ആയിരിക്കും, പഠനപ്രക്രീയ തങ്ങളെ എങ്ങനെ ബാധിക്കും എന്നിങ്ങനെയുള്ള ആശങ്കകൾ ജനങ്ങൾക്കുണ്ടായിരുന്നു. ഇത്തരത്തിലുള്ള ആശങ്കകൾ ഫീൽഡ് സന്ദർശനവേളയിൽ പദ്ധതിപ്രദേശത്തെ ജനങ്ങൾ ഉന്നയിച്ചിരുന്നു.

3) ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ/ സ്ഥാപനങ്ങളിൽ ബന്ധപ്പെടേണ്ടതായി വന്നു. ഭൂഉടമസ്ഥരിൽ ഏതാനും പേർ പദ്ധതി പ്രദേശത്തിന് വെളിയിലോ, സിറ്റിയിലോ, മറ്റ് സ്ഥലങ്ങളിലോ ആയതിനാൽ അവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് പല തവണ ബന്ധപ്പെടേണ്ടതായി വന്നു. പലരും വിവരശേഖരണത്തോട് നിസ്സഹരണവും, എതിർപ്പും പ്രകടിപ്പിച്ചതിനാൽ പഠന പ്രക്രീയ നീണ്ടുപോകുന്നതിന് കാരണമായിതീർന്നു.

4) 4(1) വിജ്ഞാപന പ്രകാരം 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഫീൽഡ് തലത്തിൽ പഠനം നടത്തിയ അവസരത്തിൽ മേൽപ്പറഞ്ഞ സർവ്വേ നമ്പറുകളിലെ 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങളെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷമായി ബാധിക്കുന്നതായാണ് കണക്കാക്കുന്നത്.

## അധ്യായം – 4

## ഭൂനിർണ്ണയം

### ആമുഖം

ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുകയും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മനസ്സിലാക്കുകയും ചെയ്തു. നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് സാമൂഹ്യ-സാമ്പത്തീക സ്ഥിതിവിവരണ കണക്കെടുപ്പ് സഹായകരമായി. പഠന വിശകലനങ്ങളുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകളാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങളാണ് പട്ടിക 4.1 ൽ സൂചിപ്പിച്ചിരിക്കുന്നത്. 2024 മാർച്ച് മാസം 25 തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 13 ൽ 1126 വിജ്ഞാപന പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ റീസർവ്വേ നമ്പറുകളിലായുള്ള 17 വീടുകളിലായി താമസിക്കുന്ന 38 കുടുംബങ്ങളെ നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിക്കുമെന്നാണ് ഫീൽഡ്തല പഠനത്തിൽനിന്നും വ്യക്തമാകുന്നത്. പദ്ധതി പ്രദേശത്ത് താമസിക്കുന്നവരും, കാലങ്ങളായി നിലവിലെ ആവാസ വ്യവസ്ഥയിൽ താമസിച്ച് ഉപജീവനം നടത്തുന്നവരുമാണ് ആഘാതബാധിതരിൽ നല്ലൊരുവിഭാഗം ജനങ്ങളും. ഇത്തരത്തിൽ പദ്ധതി ബാധിതരായി കണക്കാക്കുന്ന 38 കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. പദ്ധതി ബാധിക്കുന്ന ഭൂഉടമസ്ഥരുടെ പട്ടിക അനുബന്ധം 03 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ 38 കുടുംബങ്ങളിലായി ആകെ 107 ജനസംഖ്യയാണുള്ളത്. ഇവരെയെല്ലാം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷമായോ, പരോക്ഷമായോ ബാധിക്കുന്നതാണ്. ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ

സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, ശ്മശാനങ്ങൾ അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണ ശാലകൾ എന്നിവയെയൊന്നും പ്രത്യക്ഷത്തിൽ ബാധിക്കാത്തതുമാണ്.

| പട്ടിക 4.1 ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | |
|---|---|
| **ഏറ്റെടുക്കേണ്ട ഭൂമി (ആർ)** | |
| 4(1) വിജ്ഞാപനപ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ആർ) | **82.90** |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ആർ) | **82.90** |
| **ആകെ (ആർ)** | **82.90** |
| **വസ്തുവഹകളിലുള്ള പ്രത്യാഘാതം** | |
| ആഘാതബാധിതമായ റീസർവ്വേ നമ്പറുകളുടെ എണ്ണം 4(1) പ്രകാരം | **2** |
| ആഘാതബാധിതമായ കുടുംബങ്ങളുടെ എണ്ണം | **38** |
| ആഘാതബാധിതരായ ജനസംഖ്യ | **107** |
| രണ്ട്നില കോൺക്രീറ്റ് വീട് പൂർണ്ണമായി | **3** |
| കോൺക്രീറ്റ് വീട് പൂർണ്ണമായി | **3** |
| ഷീറ്റിട്ട് വീട് പൂർണ്ണമായി | **2** |
| ഓടിട്ട വീട് പൂർണ്ണമായി | **2** |
| ഷീറ്റ്/കോൺക്രീറ്റ് വീട് പൂർണ്ണമായി | **1** |
| ഷോപ്പ് | **2** |
| കാർപോർച്ച് | **1** |
| അതിർത്തി മതിൽ | **4** |
| ഗേറ്റ് | **5** |
| മാർബിൾ/ഇന്റർലോക്ക്/കോൺക്രീറ്റ് ഫ്ലോർ | **7** |
| വാട്ടർ പൈപ്പ്/ടാങ്ക് | **2** |
| സെപ്റ്റിക് ടാങ്ക് | **7** |
| ശുചിമുറി | **4** |
| മരങ്ങൾ | **33** |

### 4.2 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി **2024** മാർച്ച് മാസം **25** തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം **13** ൽ **1126** നമ്പർ വിജ്ഞാപന പ്രകാരം തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ വിവിധ സർവ്വേ

നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കോവളം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ 61) തദ്ദേശഭരണ വാർഡിൽ ഉൾപ്പെടുന്നതുമായ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമായി വരുന്നത്.

ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയും നിർമ്മിതികളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും പ്രത്യക്ഷമായി ബാധിക്കുന്നതുമാണ്. 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങൾ കൈവശം വെച്ചിരിക്കുന്ന ഏകദേശം 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടതിനാൽ ഇവരെല്ലാം പദ്ധതിയുടെ ഭാഗമായി പ്രത്യക്ഷമായോ, പരോക്ഷമായോ ആഘാതബാധിതമാകുന്നു. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഏറ്റെടുക്കേണ്ട ഭൂമിക്ക് 2013 ലെ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണ്.

### 4.3 പൊതുസ്ഥലത്തിന്റെ ഉപയോഗം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 17 വീടുകളിലായി താമസിക്കുന്ന 38 കുടുംബങ്ങളുടെ കൈവശമുള്ളതാണ്. പൊതുസ്ഥലം, പുറമ്പോക്ക് എന്നിവ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് കാണുന്നില്ല.

## അധ്യായം – 5

## മൂല്യനിർണ്ണയം

### ആമുഖം


ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ തോത് സംബന്ധിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 5.1 പ്രത്യക്ഷമായി ബാധിക്കുന്നത്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 17 വീടുകളിലായി താമസിക്കുന്ന 38 കുടുംബങ്ങളെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷമായി ബാധിക്കുന്നതായാണ് കണക്കാക്കുന്നത്. ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിലുള്ള വീടുകൾ, ഷോപ്പുകൾ, കാർപോർച്ച്, അതിർത്തി മതിലുകൾ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, ശുചിമുറികൾ, മരങ്ങൾ മുതലായവയെല്ലാം പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

### 5.2 ഉടമസ്ഥാവകാശത്തിന്റെ കാലയളവ്

| പട്ടിക 5.1 ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | | |
|---|---|---|
| കാലഘട്ടം | എണ്ണം | ശതമാനം |
| 1 - 5 വർഷം | 2 | 12 |
| 5 വർഷത്തിൽ കൂടുതൽ | 15 | 88 |
| ആകെ | 17 | 100 |





പട്ടിക 5.1 സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും നിർമ്മിതികളും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. ആകെയുള്ള 17 വീടുകളിൽ 88% കഴിഞ്ഞ 5 വർഷത്തിൽ അധികമായി ഭൂമി കൈവശം വെച്ച് വരുന്നു. 12% ഉടമസ്ഥർ 1-5 വർഷങ്ങളായും വസ്തുവഹകൾ ഉടമസ്ഥപ്പെടുത്തിയവരാണ്.

### 5.3 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുഭൂരിപക്ഷം ഭൂഉടമസ്ഥരും കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി ഭൂമി കൈവശം വെച്ച് അനുഭവിച്ചുവരുന്നവരാണ്.

| പട്ടിക 5.2 അവകാശ സ്വഭാവം | |
|---|---|
| **അവകാശം** | **എണ്ണം** |
| പൈതൃകം | **12** |
| വാങ്ങിയത് | **5** |
| **ആകെ** | **17** |




പട്ടിക 5.2 സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും, നിർമ്മിതികളും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. ആകെയുള്ള 17 വീടുകളിൽ 12 പേർ പൈതൃകമായി ഭൂമി സ്വന്തമാക്കിയവരും 5 പേർ ഭൂവസ്തുക്കൾ വാങ്ങിയവരുമാണ്.

### 5.4 പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നവരെയാണ് ഈ ഗണത്തിത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും വ്യത്യസ്ത ആവശ്യങ്ങൾക്കായി ഈ പ്രദേശത്ത് സഞ്ചരിക്കുന്നവരും, ഈ പ്രദേശത്ത് താമസിക്കുന്നവരുമാണ്.

### 5.5 ഉൽപ്പാദനക്ഷമമായ ആസ്തികൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം റവന്യൂ വില്ലേജിൽ ഉൾപ്പെടുന്ന വ്യത്യസ്ത സർവ്വേ നമ്പറുകളിലായുള്ള ഏകദേശം 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കാലങ്ങളായി ഭൂമി കൈവശം വെച്ച് കൃഷിയും മറ്റ് അനുബന്ധ തൊഴിലുകളും ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ആഘാതബാധിതരായവരിൽ ഭൂരിഭാഗം ജനങ്ങളും. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമസ്ഥരുടെ വീടുകൾ, നിർമ്മിതികൾ, കൃഷികൾ എന്നിവയെ ബാധിക്കുന്നതാണ്. ആയതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം ഭൂഉടമസ്ഥർക്ക് നൽകേണ്ടതായി വരുന്നതാണ്.

# അധ്യായം – 6


## സാമൂഹ്യ സാമ്പത്തീക അവസ്ഥ

### ആമുഖം

ആഘാതബാധിതരായ കുടുംബങ്ങളുടെയും വ്യക്തികളുടേയും സാമൂഹ്യ-സാമ്പത്തീക-സാംസ്കാരിക സ്ഥിതിവിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഫീൽഡ് തലത്തിൽ നടത്തിയ സ്ഥിതിവിവര ശേഖരണത്തിന്റെ ഭാഗമായി ജനസംഖ്യാ കണക്ക്, സാമ്പത്തീക സ്ഥിതി, ക്ലേശസാഹചര്യങ്ങൾ, സാമൂഹ്യ-സാമ്പത്തീക പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ നഷ്ടം, സാമൂഹ്യ ചുറ്റുപാടുകൾ എന്നിങ്ങനെയുള്ള വിവരങ്ങളാണ് ശേഖരിച്ച് വിശകലനം നടത്തിയത്.

### 6.1 ജനസംഖ്യ വിവരങ്ങൾ

| പട്ടിക 6.1 ജനസംഖ്യ വയസ്സ് തിരിച്ച് | | | |
|---|---|---|---|
| വയസ്സ് | ലിംഗം | | ആകെ |
| | പുരുഷൻ | സ്ത്രീ | |
| 0 - 18 | 23 | 10 | 33 |
| 19 - 30 | 8 | 12 | 20 |
| 31 - 45 | 17 | 12 | 29 |
| 46 - 59 | 5 | 3 | 8 |
| 60 + | 8 | 9 | 17 |
| ആകെ | 61 | 46 | 107 |





പട്ടിക 6.1 ജനസംഖ്യ വയസ്സ് തിരുച്ചുള്ള വിവരണമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇതനുസരിച്ച് ആകെ 107 പേരിൽ 61 പുരുഷൻമാരും, 46 സ്ത്രീകളുമാണുള്ളത്.

| പട്ടിക 6.2 മതവിഭാഗം | | |
|---|---|---|
| മതവിഭാഗം | ഉടമസ്ഥർ | ശതമാനം |
| ഹിന്ദു | 0 | 0 |
| ക്രിസ്ത്യൻ | 17 | 100 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 17 | 100 |





പട്ടിക 6.2 മതവിഭാഗം സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം 17 വീടുകളിൽ 17 പേരും ക്രിസ്ത്യൻ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.

| പട്ടിക 6.3 സാമൂഹ്യ വിഭാഗം | | |
|---|---|---|
| വിവരണം | കുടുംബങ്ങൾ എണ്ണം | ശതമാനം |
| ജനറൽ | 0 | 0 |
| ഒ.ബി.സി | 17 | 100 |
| മറ്റുള്ളവ | 0 | 0 |
| **ആകെ** | **17** | **100** |





പട്ടിക 6.3 സാമൂഹ്യ വിഭാഗം സംബന്ധിച്ച വിവരങ്ങളാണ്. ഇതനുസരിച്ച് 17 വീടുകളും ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുന്നു.

| പട്ടിക 6.4 വിവാഹസ്ഥിതി | | | |
|---|---|---|---|
| വിവാഹസ്ഥിതി | ലിംഗം | | ആകെ |
| | പുരുഷൻ | സ്ത്രീ | |
| വിവാഹിത/ൻ | 29 | 30 | 59 |
| അവിവാഹിത/ൻ | 30 | 13 | 43 |
| വിഭാര്യൻ/വിധവ | 2 | 3 | 5 |
| **ആകെ** | **61** | **46** | **107** |





പട്ടിക 6.4 വിവാഹസ്ഥിതി സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം ജനസംഖ്യയിൽ 59 പേർ വിവാഹിതരും, 43 പേർ അവിവാഹിതരും, 5 പേർ വിഭാര്യൻ, വിധവ എന്നീ ഗണത്തിൽ ഉൾപ്പെടുന്നതുമാണ്.

| പട്ടിക 6.5 കുടുംബ ഘടന | | |
|---|---|---|
| വിവരണം | കുടുംബങ്ങൾ എണ്ണം | ശതമാനം |
| കൂട്ട്കുടുംബം | 14 | 82 |
| അണുകുടുംബം | 2 | 12 |
| മറ്റുള്ളവ | 1 | 6 |
| **ആകെ** | **17** | **100** |




പട്ടിക 6.5 കുടുംബ ഘടന സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം 14 കുടുംബങ്ങൾ കൂട്ടുകുടുംബ വിഭാഗത്തിലും, 2 കുടുംബങ്ങൾ അണുകുടുംബ വിഭാഗത്തിലും ഉൾപ്പെടുന്നു.

| പട്ടിക 6.6 വിദ്യാഭ്യാസ നിലവാരം | | | |
|---|---|---|---|
| വിവരണം | പുരുഷൻ | സ്ത്രീ | ആകെ |
| എൽ.കെ.ജി - 12 ക്ലാസ്സ് | 47 | 31 | 78 |
| ബിരുദം/ ബിരുദാനന്തരം | 2 | 4 | 6 |
| സാങ്കേതികം/ തൊഴിൽ | 1 | 2 | 3 |
| അനൗപചാരികം | 11 | 9 | 20 |
| **ആകെ** | 61 | 46 | 107 |




പട്ടിക 6.6 വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം 78 പേർ എൽ.കെ.ജി. – 12 ക്ലാസ്സ് വിഭാഗത്തിലും, 6 പേർ ബിരുദം/ബിരുദാനന്തര ബിരുദം എന്ന വിഭാഗത്തിലും, 3 പേർ സാങ്കേതികം/തൊഴിൽ എന്ന വിഭാഗത്തിലും, 20 പേർ അനൗപചാരിക വിദ്യാഭ്യാസം നേടിയവരുമാണ്.

| പട്ടിക 6.7 പൊതുവിതരണ സംവിധാനം | | |
|---|---|---|
| വിവരണം | കുടുംബങ്ങൾ എണ്ണം | ശതമാനം |
| ബി.പി.എൽ | 14 | 82 |
| മറ്റുള്ളവ | 3 | 18 |
| **ആകെ** | 17 | 100 |




പട്ടിക 6.7 പൊതുവിതരണ സംവിധാനം സംബന്ധിച്ച വിവരങ്ങളാണ്. ഇതുപ്രകാരം 14 വീടുകൾ ബി.പി.എൽ വിഭാഗത്തിലും, 3 വീടുകൾ മറ്റുള്ള വിഭാഗത്തിലും ഉൾപ്പെടുന്നു.

## 6.2 ദുർബല വിഭാഗങ്ങൾ

ആകെയുള്ള 107 ജനസംഖ്യയിൽ 61 പേർ പുരുഷൻമാരും ആയതിൽ 8 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. ജനസംഖ്യയിൽ 46 പേർ സ്ത്രീകളും ആയതിൽ 9 പേർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. ഇത്തരം കുടുംബങ്ങളിൽപ്പെട്ടവരെ നഷ്ടപരിഹാരം നിശ്ചയിക്കുന്ന അവസരത്തിൽ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

## അധ്യായം – 7

## സാമൂഹ്യ പ്രത്യാഘാത മാനേജ്-മെന്റ് പ്ലാൻ

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് ഒരു പൊതു ആവശ്യത്തിനായി സമുചിത സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ ആഘാത നിയന്ത്രണ നടപടികളും അനിവാര്യമാണ്. ഭൂമി ഏറ്റെടുക്കുന്നതുമൂലം ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഗുണപരവും, ദോഷകരവുമായ ആഘാതങ്ങൾ മനസ്സിലാക്കി വിപരീത ഫലങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ ആവശ്യമാണ്. ഭൂമി, നിർമ്മിതികൾ, മറ്റ് വസ്തുവകകൾ എന്നിവ വിട്ടുനൽകേണ്ടിവരുന്നവർക്കും, ഉപജീവനമാർഗ്ഗങ്ങളെ ബാധിക്കുന്നവർക്കും മതിയായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുക എന്നതാണ് അത്തരം പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി സ്വീകരിക്കാവുന്ന സമീപനം. ആഘാതബാധിതർക്ക് ഉണ്ടാകുന്ന ഭൗതീക നഷ്ടത്തോടൊപ്പം വൈകാരീക ബന്ധമുള്ള സ്വത്തുവകകളുടെ നഷ്ടവും പരിഗണിച്ചുകൊണ്ടുള്ള സമീപനമാണ് കരണീയമായിട്ടുള്ളത്.

### 7.2 ആഘാതം ഒഴിവാക്കാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ വ്യത്യസ്ത സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 82.90 ആർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. മേൽപ്പറഞ്ഞ വില്ലേജിൽ വർഷങ്ങളായി താമസിച്ചുവരുന്ന വ്യക്തികൾ/കുടുംബങ്ങൾ എന്നിവരെ നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ പ്രത്യക്ഷമായി ബാധിക്കുന്നതാണ്. ഇത്തരത്തിൽ ബാധിക്കുന്ന കുടുംബങ്ങളിൽ ഓട്, ഷീറ്റ്, കോൺക്രീറ്റ് മേൽക്കൂരകളാൽ നിർമ്മിച്ചിരിക്കുന്ന 11 വീടുകൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടി വരുന്നതാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കേണ്ടതായി വരുന്നതാണ്. വർഷങ്ങളായി നിലവിലെ ആവാസ വ്യവസ്ഥയിൽ വ്യത്യസ്ത പ്രവർത്തികളിലൂടെ ഉപജീവനം കണ്ടെത്തി ജീവിക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളും. ആയതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വിവിധ വകുപ്പുകൾ അനുസരിച്ചും, സംസ്ഥാന സർക്കാരിന്റെ 29-12-2017 ലെ GO (MS) No. 448/2017/RD എന്ന ഉത്തരവ് അനുസരിച്ച് നൽകുന്ന നഷ്ടപരിഹാര തുക സാമൂഹ്യ പ്രത്യാഘാതങ്ങളെ പരമാവധി ദൂരീകരിക്കാൻ പര്യാപ്തമാണ്.

## 7.3 പുനരധിവാസം, പുനസ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമമനുസരിച്ച് കുടിയിറക്കപ്പെടുന്ന ജനസമൂഹത്തിന് പുനരധിവാസ-പുനസ്ഥാപന അവകാശം വ്യവസ്ഥ ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളോടൊപ്പം കുടിയിറക്കപ്പെടുന്ന ആഘാത ബാധിതർക്ക് കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ-പുനസ്ഥാപന സംവിധാനം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന നയം 29-12-2017 ലെ GO (MS) No. 448/2017/RD ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി, വസ്തുവകകൾ എന്നിവ നഷ്ടപ്പെടുന്ന ഓരോ ഉടമസ്ഥനും 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചുള്ള നഷ്ടപരിഹാര തുക ലഭിക്കുവാൻ അവകാശമുണ്ട്. കൂടാതെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും പട്ടിക പ്രകാരം താഴെ കാണിച്ച പുനരധിവാസ-പുനസ്ഥാപന ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ട്.

1) 50 ച.മീറ്ററിൽ കുറയാത്ത തറ വിസ്തീർണ്ണമുള്ള ഇന്ദിരാ വികാസ് യോജനയുടെ വ്യവസ്ഥകളനുസരിച്ച് പണി പൂർത്തിയാക്കിയ ഒരു വീട് അതല്ലെങ്കിൽ മൂന്ന് ലക്ഷം രൂപ.
2) കുടിയിറക്കപ്പെട്ട ഓരോ കുടുംബത്തിനും പ്രതിമാസം 5,000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് ഉപജീവന ഗ്രാന്റ്.
3) ഗതാഗത ചെലവ് ഇനത്തിൽ 50,000/- രൂപയുടെ ഒറ്റത്തവണ സാമ്പത്തീക സഹായം.
4) പുനസ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസ് 50,000/- രൂപ.
5) വാടകക്ക് താമസിച്ചിരുന്ന കുടുംബങ്ങൾക്ക് ഗതാഗത ചെലവിനായി ഒറ്റത്തവണ 30,000/- രൂപ.

പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അവർക്ക് ന്യായമായ നിലവാരത്തിലുള്ള സാമൂഹീക ജീവിതം ഉറപ്പാക്കുന്നതിനും, കുടിയൊഴിപ്പിക്കപ്പെടലിന്റെ ഫലമായുണ്ടാകുന്ന ആഘാതങ്ങൾ പരമാവധി കുറക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്ന

അധികാരകേന്ദ്രത്തിന്റെ ചെലവിൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ മൂന്നാം പട്ടിക പ്രകാരമുള്ള അടിസ്ഥാന സേവന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

### 7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുമ്പോൾ നൽകേണ്ടിവരുന്ന നഷ്ടപരിഹാര തുക അർത്ഥനാധികാരി നിക്ഷേപിക്കുന്നതാണ്.

### 7.5 സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറക്കുന്നതിന് പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്ത് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന് ആവശ്യമായ വികസന പ്രവർത്തികൾ സമയാസമയങ്ങളിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

### 7.6 ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം വില്ലേജിലെ 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നതായാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽനിന്നും വ്യക്തമാകുന്നത്. പ്രത്യക്ഷമായി ബാധിക്കുന്നതിന്റെ ആഘാതം ദൂരീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നതാണ്.

#### 7.6.1 ഭൂമി ഏറ്റെടുക്കൽ

നിർദ്ദിഷ്ട പദ്ധതിക്കായി വിഴിഞ്ഞം വില്ലേജിലെ 257/ഭാഗം, 260/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 82.90 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ 17 വീടുകളിൽ താമസിക്കുന്ന 38 കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നതാണ്. ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി പൈതൃകമായും, വിലക്ക് വാങ്ങിയും ഉടമസ്ഥാവകാശം സ്ഥാപിച്ചവരാണ് ആഘാതബാധിതർ. ഇത്തരത്തിൽ ഭൂമി, വീട്, നിർമ്മിതികൾ, കൃഷി

എന്നിവ നഷ്ടമാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം സമുചിത സർക്കാർ നിശ്ചയിച്ച് നൽകേണ്ടിവരുന്നതാണ്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, 2015 ൽ നിലവിൽവന്ന ചട്ടങ്ങളും അനുസരിച്ച് നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നഷ്ടപരിഹാരം ആഘാതബാധിതർക്ക് നൽകേണ്ടിവരുന്നതാണ്.

### 7.6.2 നിർമ്മിതികൾ ഏറ്റെടുക്കൽ

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുന്ന കുടുംബങ്ങളിൽ ഓട്, ഷീറ്റ്, കോൺക്രീറ്റ് മേൽക്കൂരകളാൽ നിർമ്മിച്ചിരിക്കുന്ന 11 വീടുകൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടിവരുന്നതും, ഇവരെ കുടിയൊഴിപ്പിക്കേണ്ടിവരുന്നതുമാണ്. ഇത്തരത്തിൽ പൂർണ്ണമായും ബാധിക്കുന്ന വീട്/കെട്ടിടം എന്നിവയിലെ ആഘാതബാധിതർക്ക് പുനരധിവാസവും, പുനസ്ഥാപന നടപടികളും ആവശ്യമായി വരുന്നതാണ്. കൂടാതെ 2 ഷോപ്പ്, 1 കാർഷെഡ്, 4 അതിർത്തി മതിലുകൾ, 5 ഗേറ്റുകൾ, 7 മാർബിൾ/ഇന്റർലോക്ക്/ കോൺക്രീറ്റ് ഫ്ലോർ, 7 സെപ്റ്റിക് ടാങ്ക്, 4 ശുചിമുറികൾ, 2 വാട്ടർ പൈപ്പ്/ടാങ്ക്, 33 മരങ്ങൾ, മുതലായവയും ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും 2015 ൽ നിലവിൽവന്ന ചട്ടങ്ങളുമനുസരിച്ച് നിയമത്തിലെ 26 മുതൽ 30 വരെയുള്ള വകുപ്പുകളനുസരിച്ചുള്ള നഷ്ടപരിഹാരം ആഘാതബാധിതർക്ക് നൽകേണ്ടിവരുന്നതാണ്. കൂടാതെ സംസ്ഥാനത്ത് വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങളോടൊപ്പം കുടിയിറക്കപ്പെടുന്ന ആഘാത ബാധിതർക്ക് കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ-പുനസ്ഥാപന സംവിധാനം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന നയം 29-12-2017 ലെ GO (MS) No. 448/2017/RD ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവകൂടി പരിഗണിച്ച് നിർമ്മിതികൾ നഷ്ടമാകുന്നവർക്കും, കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്കും അനുയോജ്യമായ നഷ്ടപരിഹാരം സർക്കാർ നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

### 7.6.3 നഷ്ടപരിഹാര നടപടി ക്രമങ്ങൾ

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ ഒന്നാം പട്ടിക പ്രകാരമുള്ള നഷ്ടപരിഹാരത്തിന് പുറമേ കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും പ്രസ്തുത നിയമത്തിലെ രണ്ടാം

പട്ടികയനുസരിച്ച് സർക്കാരിന്റെ 29-12-2017 ലെ GO (MS) No. 448/2017/RD എന്ന ഉത്തരവ് അനുസരിച്ചും പുനരധിവാസ-പുനസ്ഥാപനത്തിനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ബാധിക്കപ്പെട്ട വ്യക്തിക്ക്/ കുടുംബത്തിന് നഷ്ടപരിഹാരത്തുക വിതരണം ചെയ്തതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കാൻ അധികാരമുള്ളു. നഷ്ടപരിഹാര തുക അവാർഡിനുശേഷം മൂന്ന് മാസത്തിനുള്ളിലും പുനരധിവാസ-പുനസ്ഥാപനത്തിനുള്ള സാമ്പത്തീക ആനുകൂല്യം ആറ് മാസത്തിനുള്ളിലും നൽകുവാൻ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിൽ മൂന്നാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ അവാർഡ് തിയ്യതിക്കുശേഷം പതിനെട്ട് മാസത്തിനകം എല്ലാ അർത്ഥത്തിലും പൂർത്തീകരിക്കേണ്ടതാണ്. ബാധിക്കപ്പെടുന്ന വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ അനുവദിക്കപ്പെട്ടിട്ടുള്ള നഷ്ടപരിഹാര തുക ന്യായവും സുതാര്യവുമായ രീതിയിലല്ല നിർണ്ണയിക്കപ്പെട്ടതെന്ന് ആക്ഷേപമുണ്ടെങ്കിൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പ് 64 അനുസരിച്ചുള്ള അപേക്ഷ പ്രസ്തുത നിയമത്തിലെ വകുപ്പ് 51 അനുസരിച്ച് സ്ഥാപിക്കപ്പെട്ടിട്ടുള്ള പുനരധിവാസ-പുനസ്ഥാപന അതോറിറ്റിക്ക് സമർപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ഓഫീസർക്ക് (എൽ.എ.ഒ) അയച്ച് കൊടുക്കേണ്ടതും, അത്തരത്തിലുള്ള അപേക്ഷ 30 ദിവസത്തിനകം പ്രസ്തുത അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരം അപേക്ഷകളിൽ ആറ് മാസത്തിനകം പ്രസ്തുത അതോറിറ്റി അവാർഡ് പാസ്സാക്കേണ്ടതാണ്. അർത്ഥനാധികാരിക്കോ അല്ലെങ്കിൽ വകുപ്പ് 69 പ്രകാരം അതോറിറ്റി പാസ്സാക്കിയിട്ടുള്ള അവാർഡിൻമേൽ ആക്ഷേപമുള്ള ഏതൊരു തൽപ്പരകക്ഷികൾക്കും അവാർഡ് പാസ്സാക്കിയ തിയ്യതിമുതൽ 60 ദിവസത്തിനകം ഹൈക്കോടതിയുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്.

### 7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ നടപടികൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾമൂലം ആഘാതബാധിത സമൂഹത്തിന് ഉണ്ടാകാനിടയുള്ള ആഘാതങ്ങൾ ദൂരീകരിക്കുന്ന വിഷയത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് ലഭ്യമാക്കുന്നതൊഴിച്ച് മറ്റെന്തെങ്കിലും പ്രവർത്തനങ്ങൾ/നടപടികൾ ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്നോ, നിർദ്ദേശിക്കപ്പെട്ടവയിൽതന്നെ ഏതെങ്കിലും നടപടികൾ ഏറ്റെടുക്കാൻ കഴിയുകയില്ലെന്നോ അർത്ഥനാധികാരിയിൽനിന്നും അറിവ് ലഭിച്ചിട്ടില്ല.

### 7.8 നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള സാമാന്യ അറിവ് ഇതിനോടകംതന്നെ പൊതുജനത്തിന് പ്രത്യേകിച്ചും ആഘാതബാധിതരായവർക്ക് ഉണ്ട്. ഇത് പ്രധാനമായും റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം, ജനപ്രതിനിധികളുടെ പൊതുജനങ്ങളുമായുള്ള

ആശയവിനിമയം എന്നിവയിലൂടെ ലഭിച്ചതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി ടീം അംഗങ്ങൾ ജനങ്ങൾക്ക് ആവശ്യമായ അറിവ് നൽകുകയും അവരുടെ സഹകരണം പരമാവധി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

| പട്ടിക 7.1 പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വേ | | | |
|---|---|---|---|
| **ഗുണങ്ങൾ** | **അതെ (%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| മെച്ചപ്പെട്ട റെയിൽ കണക്ടിവിറ്റി | **100** | **0** | **0** |
| പശ്ചാത്തല വികസനത്തിന് സഹായിക്കുന്നു | **100** | **0** | **0** |
| ഭൂമി വില വർദ്ധിക്കുന്നു | **76** | **0** | **24** |
| സഞ്ചാര തടസ്സങ്ങൾ കുറക്കുന്നു | **100** | **0** | **0** |
| സാമ്പത്തീക പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നു | **57** | **0** | **43** |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ഗുണങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.2 പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വേ | | | |
|---|---|---|---|
| **ദോഷങ്ങൾ** | **അതെ (%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| ഭൂമി/ കൃഷി നഷ്ടപ്പെടുന്നു | **100** | **0** | **0** |
| ഭൂമിയും നിർമ്മിതികളും നഷ്ടപ്പെടുന്നു | **100** | **0** | **0** |
| പുറമേനിന്നുള്ളവരുടെ കടന്നുവരവ് | **16** | **26** | **58** |
| പുറമേനിന്നുള്ളവരുമായി തർക്കങ്ങൾ | **19** | **22** | **59** |
| തൊഴിൽ നഷ്ടം | **29** | **37** | **34** |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ദോഷങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.3 പുനരധിവാസ-പുനസ്ഥാപന മുൻഗണനകൾ - ഭൂഉടമസ്ഥർ | | |
|---|---|---|
| പുനരധിവാസ-പുനസ്ഥാപന മുൻഗണനകൾ | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| തത്തുല്യമോ കൂടുതൽ ഫലഭൂയിഷ്ഠമോ ആയ ഭൂമിയും, ആഘാതബാധിതമായവ പുനർനിർമ്മിക്കാനുള്ള സാമ്പത്തീകവും. | 0 | 0 |
| പുനസ്ഥാപന മൂല്യത്തിനനുസൃതമായ നഷ്ടപരിഹാര തുക | 17 | 100 |

പട്ടിക 7.3 പ്രകാരം ഗാർഹിക ഉടമസ്ഥരുടെ പുനരധിവാസ-പുനസ്ഥാപന മുൻഗണനകൾ ആണ് പ്രതിപാദിച്ചിരിക്കുന്നത്. 100% ആഘാതബാധിതരും പുനസ്ഥാപന മൂല്യത്തിനനുസൃതമായ നഷ്ടപരിഹാര തുകയും, പുനരധിവാസത്തിനുള്ള സാമ്പത്തീക സഹായവും ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## അധ്യായം – 8

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും 2015 ൽ നിലവിൽവന്ന ചട്ടങ്ങളുമനുസരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് 2013 ലെ അവകാശ നിയമം 44 (1) വകുപ്പ് അനുസരിച്ച് നിയമിക്കപ്പെടുന്നവരുടെ ഉത്തരവാദിത്വമാണ്.

### 8.1 സ്ഥാപന ഘടനയും, ഉദ്യോഗസ്ഥരും

ആഘാതബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, തൊഴിലാളികൾക്കുമുള്ള പുനരധിവാസ-പുനസ്ഥാപന പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്-മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്നാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും 2015 ൽ നിലവിൽവന്ന ചട്ടങ്ങളും വ്യവസ്ഥ ചെയ്യുന്നത്. ഇത്തരത്തിൽ നിയമിതനായ അഡ്-മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും, പുനരധിവാസ-പുനസ്ഥാപന കമ്മീഷണറുടേയും മേൽനോട്ടത്തിലും, നിയന്ത്രണത്തിലും നിർദ്ദേശങ്ങൾ അനുസരിച്ചും പുനരധിവാസ-പുനസ്ഥാപന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണെന്നും, ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും 2015 ൽ നിലവിൽവന്ന ചട്ടങ്ങളും അനുസരിച്ച് സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ 23 സെപ്റ്റംബർ 2015 തിയ്യതിയിലെ GO (MS) No. 485/2015/RD പ്രകാരം ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണവിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സംസ്ഥാന തല കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, അഡ്-മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം), ലാന്റ് അക്വിസിഷൻ ഓഫീസർ, ഫൈനാൻസ് ഓഫീസർ, അർത്ഥനാധികാരി, പ്രാദേശീക സ്വയംഭരണ

സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരുൾപ്പെടുന്ന സമിതിയാണ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നത്.

**2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് **43 (1)** പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അഡ്-മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ **11-11-2015** തിയ്യതിയിലെ **GO (P) M No. 590/2015/RD** ഉത്തരവുപ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടർമാരെ അഡ്-മിനിസ്ട്രേറ്ററായി നിയമിച്ച് ചുമതല ഏൽപ്പിച്ചിരിക്കുന്നു.

**2015** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടത്തിലെ വകുപ്പ് **43 (1)** അനുസരിച്ചും കേരള സർക്കാരിന്റെ **04-12-2015** തിയ്യതിയിലെ **GO (P) M No. 649/2015/RD** ഉത്തരവുപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ.എ) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എന്നിവരെ ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ, അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ ജില്ലാതലത്തിൽ നിർവ്വഹിക്കുവാൻ നിയമിച്ചിരിക്കുന്നു.

**2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും, അനുയോജ്യമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതിനാവശ്യമായ തീരുമാനങ്ങൾ അന്തിമമായി സ്വീകരിക്കേണ്ട ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്.

## അധ്യായം – 9

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം - ബജറ്റ്

### 9.1 പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ്

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന സമിതിയാണ് പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ് നിശ്ചയിക്കുന്നത്. പദ്ധതി പ്രദേശത്തെ വീടുകളിൽനിന്ന് കുടിയൊഴിയേണ്ടിവരുന്ന കുടുംബങ്ങൾക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം പുരരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇത് അന്തിമമായി തീരുമാനിക്കുന്നത് ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പ് 43 അനുസരിച്ച് നിയമിക്കപ്പെടുന്ന അഡ്-മിനിസ്ട്രേറ്റർ ഒരു സർവ്വേ നടത്തി തയ്യാറാക്കുന്ന കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാണ്. അത്തരം ഒരു കർമ്മപദ്ധതി തയ്യാറാക്കിയെങ്കിൽ മാത്രമേ പുനരധിവാസത്തിനും, പുനസ്ഥാപനത്തിനും വേണ്ടിവരുന്ന യഥാർത്ഥ ചെലവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

### 9.2 വാർഷിക ബജറ്റും, കർമ്മപദ്ധതികളും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അർത്ഥനാധികാരിയായും, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് പുരോഗമിച്ച് വരുന്നത്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂഉടമസ്ഥർക്കുള്ള ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം മുതലായവക്കുള്ള തുക വകയിരുത്തി നൽകുന്ന ചുമതലകൾ സമുചിത സർക്കാരാണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവർത്തികൾക്കായുള്ള ബജറ്റും, കർമ്മപദ്ധതികളും ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിൽ അർത്ഥനാധികാരിയുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്നതാണ്.

### 9.3 സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും

വിവരങ്ങൾ ലഭ്യമല്ല.

## അധ്യായം – 10

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും

### ആമുഖം

വികസന പ്രക്രീയയുടെ ആസൂത്രണം മുതൽ വിലയിരുത്തൽ വരെയുള്ള വിവിധ ഘട്ടങ്ങളിലെ ഇടപെടലുകൾ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും, സഹായകമാണ്. ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ലഘൂകരണ നടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്രകാരം ചെയ്യുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ പ്രക്രീയയും, അതിന്റെ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുന്നതിനും, പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാന, ജില്ലാ തലങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്.

### 10.1 സംസ്ഥാന തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 44 (1) പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ 11-04-2015 തിയ്യതിയിലെ GO (P) M No. 589/2015/RD ഉത്തരവുപ്രകാരം ഭൂനികുതി കമ്മീഷണറെ ബന്ധപ്പെട്ട ചുമതലയിൽ നിയമിച്ചു. സംസ്ഥാനതലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും, ആയതിന്റെ സമയബന്ധിതമായ നടത്തിപ്പ് ഉറപ്പാക്കുകയും, പുനരധിവാസത്തിനുശേഷം ബന്ധപ്പെട്ട പ്രാദേശീക ഭരണകൂടങ്ങളുമായി പര്യാലോചിച്ച് സോഷ്യൽ ആഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം കമ്മീഷണറിൽ നിക്ഷിപ്തമാണ്.

### 10.2 ജില്ലാ തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 43 (1) പ്രകാരം നിയമിതനായ ഉദ്യോഗസ്ഥനാണ് ജില്ലാതലത്തിൽ ഭൂമി ഏറ്റെടുക്കൽ

സംബന്ധിച്ചുള്ള പുനരധിവാസ-പുനസ്ഥാപന പദ്ധതികളുടെ രൂപീകരണത്തിന്റേയും, നിരീക്ഷണത്തിന്റേയും ചുമതല നിർവ്വഹിക്കുന്നത്. കേരള സർക്കാരിന്റെ **11-04-2015** തിയ്യതിയിലെ **GO (P) M No. 590/2015/RD** ഉത്തരവുപ്രകാരം ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയമിതനായി. കൂടാതെ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസ-പുനസ്ഥാപന പദ്ധതികൾക്ക് അന്തിമരൂപം നൽകി നടപ്പിലാക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാതല നഷ്ടപരിഹാര, പുനരധിവാസ സമിതിയേയും, സംസ്ഥാനതല ശാക്തീകരണ സമിതിയേയും അധികാരപ്പെടുത്തി.

ആഘാതബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും **2013** ലെ നിയമത്തിന് അനുസൃതമായി ന്യായമായ നഷ്ടപരിഹാരവും, പുനരധിവാസ-പുനസ്ഥാപന നടപടികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. ജില്ലാ സമിതികളുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ, നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക എന്നുള്ളത് സംസ്ഥാന സമിതിയുടെ ഉത്തരവാദിത്വമാണ്.

## അധ്യായം – 11

## ചെലവുകളേയും, പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും

### ആമുഖം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ **14** ൽ ഉൾപ്പെട്ട **257**/ഭാഗം, **260**/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽപ്പെട്ട **82.90** ആർ ഭൂമി ഏറ്റെടുക്കൂന്നതിനാണ് നടപടികൾ പുരോഗമിച്ച് വരുന്നത്.

നിർദ്ദിഷ്ട പദ്ധതി **2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള **'പൊതു ആവശ്യം'** എന്ന ശീർഷകത്തിൽ വരുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൂടുതലായി ഭൂമിയും, വസ്തുവഹകളും കൈവശം വെച്ചും, ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാതബാധിതരും, ഭൂമിയുടേയും, നിർമ്മിതികളുടേയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളും ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരായി മാറുന്നു എന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ **2013** ലെ നിയമങ്ങളിലും, അനുബന്ധ ചട്ടങ്ങളിലും, തുടർന്നുള്ള സർക്കാർ ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകികൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറക്കാവുന്നതാണ്.

### 11.1 അന്തിമ വിശകലനം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് നമ്പർ **14** ൽ ഉൾപ്പെട്ട **257**/ഭാഗം, **260**/ഭാഗം എന്നിങ്ങനെയുള്ള റീസർവ്വേ നമ്പറുകളിൽപ്പെട്ട **82.90** ആർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് **4(1)** വിജ്ഞാപന പ്രകാരം കണക്കാക്കിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട **17** വീടുകളിൽ താമസിച്ചുവരുന്ന **38** കുടുംബങ്ങൾ കൈവശം വെച്ചിരിക്കുന്ന ഏകദേശം **82.90** ആർ ഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുമെന്നാണ് ഫീൽഡ്തല പഠനത്തിൽനിന്നും വ്യക്തമാകുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ **38** കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

കോവളം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടപ്പുറം (വാർഡ് നമ്പർ **61**) തദ്ദേശഭരണ വാർഡിൽ ഉൾപ്പെടുന്നതുമായ പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരാകുന്ന വ്യക്തികളേയും, കുടുംബങ്ങളേയും സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ സംക്ഷിപ്ത വിവരണമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്:

| **പട്ടിക 11.1 പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ** | |
|---|---|
| **ഏറ്റെടുക്കേണ്ട ഭൂമി (ആർ)** | |
| 4(1) വിജ്ഞാപനപ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ആർ) | **82.90** |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ആർ) | **82.90** |
| **ആകെ (ആർ)** | **82.90** |
| **വസ്തുവഹകളിലുള്ള പ്രത്യാഘാതം** | |
| ആഘാതബാധിതമായ റീസർവ്വേ നമ്പറുകളുടെ എണ്ണം 4(1) പ്രകാരം | **2** |
| ആഘാതബാധിതമായ കുടുംബങ്ങളുടെ എണ്ണം | **38** |
| ആഘാതബാധിതരായ ജനസംഖ്യ | **107** |
| രണ്ട്നില കോൺക്രീറ്റ് വീട് പൂർണ്ണമായി | **3** |
| കോൺക്രീറ്റ് വീട് പൂർണ്ണമായി | **3** |
| ഷീറ്റിട്ട വീട് പൂർണ്ണമായി | **2** |
| ഓടിട്ട വീട് പൂർണ്ണമായി | **2** |
| ഷീറ്റ്/കോൺക്രീറ്റ് വീട് പൂർണ്ണമായി | **1** |
| ഷോപ്പ് | **2** |
| കാർപോർച്ച് | **1** |
| അതിർത്തി മതിൽ | **4** |
| ഗേറ്റ് | **5** |
| മാർബിൾ/ഇന്റർലോക്ക്/കോൺക്രീറ്റ് ഫ്ലോർ | **7** |
| വാട്ടർ പൈപ്പ്/ടാങ്ക് | **2** |
| സെപ്റ്റിക് ടാങ്ക് | **7** |
| ശുചിമുറി | **4** |
| മരങ്ങൾ | **33** |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വന്നിരിക്കുന്നത്. 10.76 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽപാതയിൽ 9.5 കിലോമീറ്റർ തുരങ്കപാതയാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കുന്ന കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലെ റോഡ് ഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിലാണ് ഭൂഗർഭ റെയിൽപാതയുടെ നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ചരക്കുനീക്കത്തിന് അത്യന്താപേക്ഷിതമായ മാർഗ്ഗമെന്ന നിലയിൽ റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ നടത്തിപ്പും ആയതിനായുള്ള ഭൂമി ഏറ്റെടുക്കലും അനിവാര്യമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്. ഇത്തരത്തിൽ നഷ്ടപരിഹാരം നൽകി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## 11.2 ആഘാതബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ

ആഘാതബാധിതരായ ഭൂഉടമസ്ഥർ നൽകിയ നിർദ്ദേശങ്ങൾ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാവുന്നതാണ്:

1) **ഭൂമി ഏറ്റെടുക്കൽ: -** പൈതൃകമായും, വിലക്ക് വാങ്ങിയും, കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്ന സ്വത്ത് വകകളാണ് നിർദ്ദിഷ്ട പദ്ധതിക്കായി വിട്ട് നൽകേണ്ടിവരുന്നത്. ആകെയുള്ള 17 വീടുകളിൽ താമസിച്ചുവരുന്ന 38 കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നതിനാൽ ഭൂമിക്ക് അർഹമായ നഷ്ടപരിഹാരം താമസംവിനാ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഓട്, ഷീറ്റ്, കോൺക്രീറ്റ്

2) **നിർമ്മിതികളുടെ നഷ്ടം: -** ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ ഓട്, ഷീറ്റ്, കോൺക്രീറ്റ് മേൽക്കൂരകളാൽ നിർമ്മിച്ചിരിക്കുന്ന 11 വീടുകൾ പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവർ കുടിയൊഴിപ്പിക്കപ്പെടുകയും, പുനരധിവാസം ആവശ്യമായി വരുന്നതുമാണ്. കൂടാതെ ഷോപ്പ്, കാർഷെഡ്, മാർബിൾ/ഇന്റർലോക്ക്/ കോൺക്രീറ്റ് ഫ്ലോർ ചുറ്റുമതിൽ, ഗേറ്റ്, മുതലായവക്കെല്ലാം പര്യാപ്തമായ

നഷ്ടപരിഹാര തുക അനുവദിച്ച് നൽകേണ്ടതാണ്. ഭൂമി ഏറ്റെടുക്കൽ മുഖാന്തിരം പാർപ്പിടങ്ങൾ നഷ്ടമാകുന്നവർ താഴ്ന്ന വരുമാനക്കാരായതിനാൽ മാനുഷീക പരിഗണനയോടെ മുന്തിയ നഷ്ടപരിഹാരതുക അനുവദിച്ച് നൽകേണ്ടതാണ്.

3) **ഉപജീവന നഷ്ടം:** - ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിലെ കാർഷികവൃത്തി, അനുബന്ധ തൊഴിലുകൾ എന്നിവയിലൂടെ വരുമാനവും, ഉപജീവനവും കണ്ടെത്തി ജീവിക്കുന്ന ആഘാതബാധിതരായ എല്ലാവർക്കും തൊഴിൽ, വരുമാനം എന്നിവ പുനസൃഷ്ടിക്കാൻ പര്യാപ്തമായ നഷ്ടപരിഹാരം നൽകണം.

4) **കാർഷിക വിളകളുടെ നഷ്ടം:** - നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ നഷ്ടമാകുന്ന കാർഷിക വിളകൾക്കും, വൃക്ഷങ്ങൾക്കും അർഹമായ നഷ്ടപരിഹാരം ഭൂമിവിലയോടൊപ്പം കണക്കാക്കി നൽകേണ്ടതാണ്.

5) **ഭൂരേഖകളുടെ ക്രമപ്പെടുത്തൽ:** - ഏതാനും ഭൂഉടമസ്ഥർ തങ്ങളുടെ ഭൂരേഖകൾ, സമയബന്ധിതമായി പുതുക്കിയിട്ടില്ലാത്തവരാണ്. കുടുംബത്തിലെ മരണപ്പെട്ട വരുടേയും മറ്റും പേരിലുള്ള ഭൂരേഖകൾ അവകാശികളുടെ പേരിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള അവസരവും, സാവകാശവും നൽകണമെന്ന് ആവശ്യപ്പെടുന്നു.

6) **അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത:** - നിർദ്ദിഷ്ട നിർമ്മാണ പദ്ധതിയുടെ ഭാഗമായി റോഡ് വികസിപ്പിക്കുമ്പോൾ മലിനജലം ഒഴുകിപോകുന്നതിന് പര്യാപ്തമായ ഓടകൾ നിർമ്മിച്ച് പ്രവർത്തികൾ കാര്യക്ഷമമായി നടത്തേണ്ടതാണ്.

### 11.3 ശുപാർശകൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ഗുണ-ദോഷ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായതും, കുറഞ്ഞ അളവിലുള്ള ഭൂമിയുമാണ് സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നാണ് വിലയിരുത്തുന്നത്. ആഘാതബാധിതർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ അപേക്ഷിച്ച് പദ്ധതി യാഥാർഥ്യമാകുന്നതിലൂടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും അനുയോജ്യമായ ഭൂമിയാണ് ഏറ്റെടുക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികളെ സംബന്ധിച്ച് ആഘാത ബാധിതർക്കുള്ള സംശയങ്ങളും, പര്യാപ്തമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കുമോ എന്ന ആശങ്കയും, നിലവിലെ ആവാസവ്യവസ്ഥയിൽ നിന്നും മാറേണ്ടിവന്നാലുള്ള വൈകാരീക പ്രശ്നങ്ങളും ഒരു പരിധിവരെ

ആഘാതബാധിതർക്കുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ക്രമത്തിന്റെ ഭാഗമായി തുടർഘട്ടങ്ങളിലുള്ള ആശയവിനിമയത്തിലൂടെ ഇത്തരം ആശങ്കകൾ പരിഹരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള നിർദ്ദിഷ്ട പദ്ധതി ആവശ്യമായതിനാലും, പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില നൽകിയാൽ ഭൂമി വിട്ടുനൽകുമെന്ന് പ്രതീക്ഷിക്കുന്നതിനാലും ആഘാതബാധിതർ നൽകിയ മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് ഭൂമിയും, കൃഷിയും, വീടും, നിർമ്മിതികളും, നഷ്ടമാകുന്ന ഭൂഉടമസ്ഥർക്ക് **2013** ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലും, ചട്ടങ്ങളിലും പ്രതിപാദിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂവസ്തുക്കൾ ഏറ്റെടുത്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായുള്ള വികസന പ്രവർത്തികൾ നടത്താവുന്നതാണ്.

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്റ്റിവിറ്റി പദ്ധതി

## അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2024 മാർച്ച് 25<br>25th March 2024<br>1199 മീനം 12<br>12th Meenam 1199<br>1946 ചൈത്രം 5<br>5th Chaithra 1946 | നമ്പർ<br>No. 1126 |

ഫാറം നമ്പർ 4
ചട്ടം 11(3)

### വിജ്ഞാപനം

കെ6-448847/2022 *2024 മാർച്ച് 21*

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റിയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ (2013-ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിൻെറ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളജ്, രാജഗിരി പി ഒ, കളമശേരി, കൊച്ചി എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് അനുമതി നൽകി 4(1) വിജ്ഞാപനം 24.06.23 ന് 2132 നമ്പരായി ഗസറ്റിൽ പരസ്യപ്പെ ടുത്തിയിരുന്നു. എന്നാൽ പഠനം നടത്തുവാൻ സാധിക്കാത്തതിനാൽ രാജഗിരി ഔട്ട്റീച്ചിനെ ഒഴിവാക്കി 24.06.2023 ലെ 4(1) വിജ്ഞാപനം ഇതിനാൽ റദ്ദ ചെയ്യുന്ന 24.06.23 ലെ 4(1) വിജ്ഞാപനം ഇതിനാൽ റദ്ദ് ചെയ്യുന്നു.

ജിയോ ടാഗിംഗ് സംവിധാനം വഴി പഠനം നടത്തുവാൻ തയ്യാറായ തിരുവന ന്തപുരത്തുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ പ്ലാനറ്റ് കേരള(ഫോൺ നമ്പർ-0484-2368188, ഇമെയിൽ-2001planet@gmail.com) യെ ടി എൽ എ പ്രോജക്ടിന്റെ എസ് ഐ എ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കുന്നു. ടി പ്രവർത്തി മുപ്പത് ദിവസം കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതും യാതൊരു കാരണവശാലും രണ്ട് മാസകാലയളവിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

<u>പട്ടിക</u>

*ജില്ല*—തിരുവനന്തപുരം. *താലൂക്ക്*—നെയ്യാറ്റിൻകര.

*വില്ലേജ്*—വിഴിഞ്ഞം . *ബ്ലോക്ക് നമ്പർ*—14.

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | റീസർവ്വെ നമ്പർ | ഇനം |
|---|---|---|
| 1 | 257/ ഭാഗം | പുറമ്പോക്ക്/പുരയിടം |
| 2 | 260/ ഭാഗം | പുറമ്പോക്ക്/പുരയിടം |
| ആകെ വിസ്തീർണ്ണം 82.9 ആർ | | |

ഒപ്പ്/-
ജില്ലാ കളക്ടർ
തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല.എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റിയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരത്തുള്ള പ്ലാനറ്റ് കേരളയ്ക്ക് അനുമതി നൽകുന്നു. ആയത് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം 11(3) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യംകൈവരിക്കുന്നതിലേക്കായി മാത്രം.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.03.25 03:00:17 +05:30

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതി**

**ജില്ല: തിരുവനന്തപുരം താലൂക്ക്: നെയ്യാറ്റിൻകര**

**ആഘാതബാധിതരുടെ പട്ടിക**

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ |
|---|---|---|---|---|---|---|
| 1 | 260 | കൈവശം | 1) മിനി<br>2) സിൽവദാസ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9048283324 | വിഴിഞ്ഞം | 14 |
| 2 | 257 / 61 | 40571 | സിസിലി<br>ഇസ്തീനമ്മ മകൾ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9072123956 | വിഴിഞ്ഞം | 14 |
| 3 | | | 1) ജമീല<br>2) സെബാസ്റ്റ്യൻ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9072123956 | വിഴിഞ്ഞം | 15 |
| 4 | 257 / 62 | 32155 | 1) ലാസ്സർ<br>2) ബെറ്റിയമ്മ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 8129000971 | വിഴിഞ്ഞം | 14 |
| 5 | | | കുരിശടിമ ഔസേപ്പ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 8129000971 | വിഴിഞ്ഞം | 14 |
| 6 | 257 / 63-1 | 42042 | 1) റോബർട്ട്<br>2) ഐറിൻ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9567665812 | വിഴിഞ്ഞം | 14 |
| 7 | | | 1) സോളമൻ<br>2) വത്സല<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9567665812 | വിഴിഞ്ഞം | 14 |
| 8 | | | 1) ജോസ് ബെന്റ്<br>2) നിർമ്മല<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9567665812 | വിഴിഞ്ഞം | 14 |

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ |
|---|---|---|---|---|---|---|
| 9 | 257 / 63 | 32189 | ജെയിംസ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം<br>വിഴിഞ്ഞം | 7907173797 | വിഴിഞ്ഞം | 14 |
| 10 | | | സ്റ്റെല്ല<br>ഒസാവിള കോളനി<br>കോട്ടപ്പുറം<br>വിഴിഞ്ഞം | 9995374939 | വിഴിഞ്ഞം | 14 |
| 11 | | | 1) ലിയോ<br>2) നിഷ<br>ഒസാവിള കോളനി<br>കോട്ടപ്പുറം<br>വിഴിഞ്ഞം | 9995374939 | വിഴിഞ്ഞം | 14 |
| 12 | | | 1) നിഷാന്ത്<br>2) പ്രജിത<br>ഒസാവിള കോളനി<br>കോട്ടപ്പുറം<br>വിഴിഞ്ഞം | 9995374939 | വിഴിഞ്ഞം | 14 |
| 13 | 257 / 63-2 | 43368 | 1) സാബുൾ<br>2) കൊച്ചുത്രേസ്യ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9633696524 | വിഴിഞ്ഞം | 14 |
| 14 | | | 1) ശബരിയാർ അടിമ ജോർജ്<br>2) രാജമണി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9633696524 | വിഴിഞ്ഞം | 14 |
| 15 | | | നിവ്യ സുരേഷ്<br>കുഴിപ്പള്ളം മുക്കോല<br>മുല്ലൂർ | 7034857171 | വിഴിഞ്ഞം | 14 |

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ |
|---|---|---|---|---|---|---|
| 16 | 257 / 64 | 38269 | 1) ബിജു<br>2) അമ്മിണി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9633167902 | വിഴിഞ്ഞം | 14 |
| 17 | | | 1) ജോൺസൻ<br>2) അമല ദാസി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 8136825493 | വിഴിഞ്ഞം | 14 |
| 18 | 257 / 69-1 | 38723 | ഫാത്തിമേരി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9995518306 | വിഴിഞ്ഞം | 14 |
| 19 | | | തദേവൂസ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9995100902 | വിഴിഞ്ഞം | 14 |
| 20 | | | ജിനി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9633441662 | വിഴിഞ്ഞം | 14 |
| 21 | | | പുഷ്പ രാജൻ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 8848234825 | വിഴിഞ്ഞം | 14 |
| 22 | | | വാസന്തി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | 9995518306 | വിഴിഞ്ഞം | 14 |
| 23 | 257 / 49 | 31017 | 1) മേരിയമ്മ<br>2) ആരോഗ്യം<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | | വിഴിഞ്ഞം | 14 |
| 24 | | | 1) ഷൈനി<br>2) ജോൺസൺ<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | | വിഴിഞ്ഞം | 14 |

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ |
|---|---|---|---|---|---|---|
| 25 | | | 1) ഷൈജ<br>2) ദിനേഷ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | | വിഴിഞ്ഞം | 14 |
| 26 | | | 1) തദേവൂസ്<br>2) ഷൈനി<br>ഒസാവിള കോളനി<br>കോട്ടപ്പുറം വിഴിഞ്ഞം | | വിഴിഞ്ഞം | 14 |
| 27 | 257/52 | 30837 | 1) വിൻസെൻറ്<br>2) തേഗ്ലസമ്മ<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 6282242670 | വിഴിഞ്ഞം | 14 |
| 28 | | | ബില്ലി<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 6282242670 | വിഴിഞ്ഞം | 14 |
| 29 | | | 1) വിനോദ്<br>2) ഷൈനി<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 6282242670 | വിഴിഞ്ഞം | 14 |
| 30 | | | 1) വിജി<br>2) മുത്തപ്പൻ<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 6282242670 | വിഴിഞ്ഞം | 14 |
| 31 | | | 1) വിജു<br>2) അലീന<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 6282242670 | വിഴിഞ്ഞം | 14 |
| 32 | 257 / 51 | 31021 | 1) പത്രോസ്<br>2) മാർത്ത<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 9539509668 | വിഴിഞ്ഞം | 14 |

| ക്രമ നമ്പർ | സർവ്വെ നമ്പർ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ |
|---|---|---|---|---|---|---|
| 33 | 257 / 50-1 | 40551 | 1) അഗസ്റ്റിൻ<br>2) ഡെയിസി<br>സേസടിമ പിതാവ്<br>ഒസാവിള കോളനി,<br>കോട്ടപ്പുറം, വിഴിഞ്ഞം | 9048283324 | വിഴിഞ്ഞം | 14 |
| 34 | 257 / 50 | 31181 | 1) റിച്ചസ്<br>2) സൂസമേരി<br>കടയ്ക്കുളം കോളനി<br>കോട്ടപ്പുറം, വിഴിഞ്ഞം | 9048283324 | വിഴിഞ്ഞം | 14 |
| 35 | 257 / 46 | 31062 | ജെസ്സി<br>ഡൊമിനിക് ഭർത്താവ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം,വിഴിഞ്ഞം | 9142385689 | വിഴിഞ്ഞം | 14 |
| 36 | 257 / 45 | 29124 | ക്രിസ്തുദാസ്<br>അത്ഭുതം പിതാവ്<br>ഒസാവിള കോളനി<br>കോട്ടപ്പുറം, വിഴിഞ്ഞം | | വിഴിഞ്ഞം | 14 |
| 37 | 257 / 34 | 32649 | 1) ക്രിസ്തുദാസ്<br>2) സീന<br>ഒസാവിള കോളനി<br>കോട്ടപ്പുറം, വിഴിഞ്ഞം | 9656544974 | വിഴിഞ്ഞം | 14 |
| 38 | 257 / 30 | 38203 | ആൽവി<br>സീന ഭാര്യ<br>അഷ്ലി കോട്ടേജ്<br>കോട്ടപ്പുറം, വിഴിഞ്ഞം | 9567652326 | വിഴിഞ്ഞം | 14 |

നോട്ടീസ്

ഫോറം – 5 ചട്ടം 14 (1)

നമ്പർ: നമ്പർ: **164/SIA/PH/2024** തിയ്യതി: **02-09-2024**

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം വില്ലേജ് പരിധിയിൽ വരുന്ന നിങ്ങളുടെ ഭൂമി/കെട്ടിടം ഒരു പൊതു ആവശ്യത്തിന് അതായത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മുതൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ വരെയുള്ള റെയിൽ കണക്ടിവിറ്റി പദ്ധതിയുടെ ഭാഗമായി ഏകദേശം **82.90** ആർ ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കാണുന്നതും, ആയതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം **30/2013**) വകുപ്പ് **4** ൽ **1** ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം **25-03-2024** ന് **1126** നമ്പറായി കേരള സംസ്ഥാന അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നിങ്ങളുടെ ഭൂമി/കെട്ടിടത്തിൽ അവകാശമുള്ള എല്ലാ ആളുകളും **2024 സെപ്റ്റംബർ മാസം 19 തിയ്യതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം സോണൽ ഓഫീസിൽ** വെച്ച് നടത്തുന്ന പബ്ലിക് ഹിയറിംഗിൽ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ചെയർമാൻ

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ യൂണിറ്റ്

പ്ലാനറ്റ് കേരള, തിരുവനന്തപുരം